VOL NO: 07 | ISSUE 47
www.nerpatham.com
mail@nerpatham.com
2023 NOVEMBER 25 | ₹10

# നേർപഥം

വാരിക




# ഹലാൽ നിരോധനവും മത വിരോധവും നാടിന് ചിതയൊരുക്കുമ്പോൾ

ഇന്ത്യയിലെ ആധുനിക തുഗ്ലക്കായി മാറിയിരിക്കുകയാണ് യോഗി. ഭരിക്കുന്നവന്റെ ദുരയ്ക്കും വിവരക്കേടിനും ഒരു നാട് അടിയറ വെക്കേണ്ട വിലയുടെ പാരമ്യതയാണ് യു.പി നൽകിക്കൊണ്ടിരിക്കുന്നത്. ഹലാൽ നിരോധനം കേവലമൊരു വൈകാരിക തീരുമാനമല്ല, തെരഞ്ഞെടുപ്പനുബന്ധിച്ച് വിഭാഗീയതയുടെ വേലിയേറ്റം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ്. ഒറ്റക്കെട്ടായി എതിർത്തേ മതിയാവൂ.

## സ്ക്രീനല്ല ജീവിതം

|| എന്തുകൊണ്ട് ഇസ്‌ലാം?
|| യഹൂദരുടെ ഈദുൽ ഫുസ്ഹ് ആഘോഷം
|| സ്വർഗത്തെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹം!

## ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന 5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478 Whatsapp: 73567 66478

WISDOM BOOKS

PUBLISHING | DISTRIBUTION

WISDOM BOOKS, E.K.P. Building, Calicut

www.wisdomislam.org publication@wisdomislam.org

0495 4019437 73567 66478



### പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments

MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI

SCAN & PAY

BHIM SBI Pay

BHIM UPI

0357
# നേർപഥം
വാരിക

2023 നവംബർ 25
1445 ജു.ഊലാ 11
പുസ്തകം 07 / ലക്കം 47






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി 10




മുഖമൊഴി
05 എന്തുകൊണ്ട് ഇസ്‌ലാം?

ലേഖനം
24 സ്വർഗത്തെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹം!
ആസിഫ് അൽഹികമി

വിമർശനം
06 ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ ‘കടത്തിക്കൂട്ടൽ’ വാദവും - 3
അബൂഫർഹാൻ ബിൻ യൂസുഫ്

ലേഖനം
26 യഹൂദരുടെ ഈദുൽ ഫുസ്ഹ് ആഘോഷം
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ക്വുർആൻ ദർശനം
16 സൂറ: അസ്സുമർ
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
30 തീയേ, നീ തണുപ്പാവുക!
പി പി അബ്ദുർറഹ്‌മാൻ കൊടിയത്തൂർ

ലേഖനം
18 കണ്ണിന്റെയും ചെവിയുടെയും രൂപപ്പെടൽ
ഡോ. ഷാനവാസ് യു.എസ്.എ

കാഴ്ച
32 മുന്തിയ വാഹനങ്ങൾ
ഇബ്നു അലി

ലേഖനം
21 ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-07
സുഫ്‌യാൻ അബ്ദുസ്സലാം

നമുക്കുചുറ്റും
34 സ്ക്രീനല്ല ജീവിതം
നബീൽ പയ്യോളി

# ഇരുസമസ്തകൾ ആരുടെ താവഴിയിലാണുള്ളത്?

ഇസ്‌ലാം മതം യഥാർഥ രൂപത്തിൽ ഇവിടെ നിലനിൽക്കണമെങ്കിൽ സമസ്ത അനിവാര്യമാണെന്ന ജിഫ്രി തങ്ങളുടെ പ്രസ്താവന ചിരിക്ക് വക നൽകുന്നുതാണെങ്കിലും ചിന്തിക്കാനും അൽപം വക നൽകുന്നതാണ്. യഥാർഥം എന്നത് സത്തയാണ്. സത്തയിലുള്ളത് കൃത്യമായി പറഞ്ഞാൽ സമസ്ത എന്നേ പൂട്ടിപ്പോകുന്ന പ്രസ്ഥാനമാകും എന്നതിൽ സംശയമില്ല! പ്രവാചകന്റെ(സ്വ) ഹദീസിനെ പച്ചയായി ദുർവ്യാഖ്യാനിച്ചു തെറ്റുധരിപ്പിച്ചപ്പോൾ ക്ഷമകെട്ട മറ്റൊരു വ്യക്തിത്വം തിരുത്തിക്കൊടുത്തിട്ടും അംഗീകരിക്കാത്ത ജിഫ്രി തങ്ങൾ തിരുത്തിയവരെയും അധിക്ഷേപിക്കുന്ന തരത്തിലേക്ക് തരം താണത് നാം കണ്ടു. അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുവാൻ തെളിവുണ്ടാക്കുവാനായി, അദൃശ്യജ്ഞാനം നബി(സ്വ)ക്ക് അറിയുമെന്ന് ജൽപിക്കുകയും നബി(സ്വ) അക്കാര്യം അംഗീകരിക്കുകയും ആ ആശയമുള്ള പാട്ടു പാടിയ കുട്ടികളെ പ്രോൽസാഹിപ്പിക്കുകയും ചെയ്തെന്ന് അദ്ദേഹം തട്ടിവിട്ടു. സമസ്തയുടെ നിലനിൽപ് ഹദീസ് നിഷേധത്തിലും കോട്ടിമാട്ടലിലും നിജപ്പെട്ടിരിക്കുന്നു എന്ന് സാരം.

അതേ വേദിയിലെ മറ്റൊരു തമാശയായിരുന്നു 'പ്രവാചകാനുചരൻമാർ നേരിട്ടെത്തി ഇസ്‌ലാമിക പ്രബോധനം നടത്തിയ കേരളത്തിൽ അവർ പ്രചരിപ്പിച്ച യഥാർഥ ആശയങ്ങളാണ് സമസ്തയുടെ നേതൃത്വത്തിൽ നടക്കുന്നത്' എന്നത്! സോഷ്യൽ മീഡിയകളുടെ കാലത്ത് ഇത്തരം ബഡായികൾ സാധാരണക്കാർ ഉൾക്കൊള്ളും എന്നാണ് തങ്ങളുടെ വിചാരം! അനുയായികൾ തൊണ്ടതൊടാതെ വിഴുങ്ങുമെങ്കിലും ഉണർന്നിരിക്കുന്ന ഒരുപറ്റം മനുഷ്യർ ഇതിനെ പുച്ഛിച്ചു തള്ളിക്കളയുന്നുണ്ട് എന്നത് ഇവരറിയുന്നില്ല.

1921നു മുമ്പുള്ള മുസ്‌ലിം സമൂഹം വിശ്വാസ-കർമ രംഗങ്ങളിൽ വളരെ ദുർബലരായിരുന്നു എന്നു കാണാൻ സാധിക്കും. അഞ്ചുനേരം നമസ്കരിക്കുന്നവർ ഖാദിയാരും മുക്രിയും എണ്ണപ്പെട്ട ചിലരും മാത്രമായിരുന്ന ഒരു കാലം കഴിഞ്ഞുപോയത് ജിഫ്രി തങ്ങൾക്ക് അറിയുമായിരിക്കാം. വെള്ളിയാഴ്ച ജുമുഅക്ക് മാത്രം പോകുന്ന പ്രമാണിമാർ! രണ്ട് പെരുന്നാൾ ദിനങ്ങളിൽ മാത്രം പോയി 'പള്ളിപ്പൈസ' കൊടുക്കുന്ന സാധാരണക്കാരായ ഭൂരിപക്ഷം! പ്രധാന ആചാരങ്ങൾ മൗലിദ് പാരായണവും നേർച്ചകളും റാത്തീബ് കഴിക്കലും! ജിഫ്രി തങ്ങൾ പറഞ്ഞ പ്രവാചകാനുചരൻമാരിൽ ആരൊക്കെയാണ് ഈ ആചാരങ്ങൾ ചെയ്തിരുന്നത്? എത്ര വർഷത്തെ പഴക്കം ഈ ആചാരങ്ങൾക്കുണ്ട്? ശിർക്കിന്റെ ദൂഷിത വലയത്തിൽ കുടുങ്ങി യഥാർഥ വിശ്വാസമെന്താണെന്ന് മനസ്സിലാകാത്ത ഒരു സമൂഹത്തെ പ്രവാചകാ നുചരൻമാർ സൃഷ്ടിച്ചു എന്ന് പറയുവാൻ നിങ്ങൾക്ക് എളുപ്പമാണ്; അല്ലാഹുവിന്റെ പേരിലും തിരുദൂതരുടെ പേരിലും വ്യാജം പറയാൻ കഴിയുന്നവർക്ക് അതിനു പ്രയാസമില്ലല്ലോ!

ക്വബ്റുകളെയും ക്വബ്റാളികളെയും ആരാധിക്കുന്ന ഒരു സമൂഹത്തിന് മതത്തിന്റെ യഥാർഥ വഴി കാണിച്ചത് മുജാഹിദ് പ്രസ്ഥാനമാണെന്ന സത്യം മാലോകരറിയാതിരിക്കാൻ സമസ്തക്കാർ കാണിക്കുന്ന ജാഗ്രത അവരെത്തന്നെ ഉലക്കുന്നുണ്ട് എന്ന് മനസ്സിലാകുന്നു! സിഎം മടവൂർ മുദബ്ബിറുൽ ആലമാണെന്ന ഇരു സമസ്തകളുടെയും വാദം മുജാഹിദ് പണ്ഡിതൻമാർ പൊളിച്ചടുക്കിയതിന്റെ രോഷം കുറച്ചൊന്നുമല്ല അവരെ വിഷമിപ്പിച്ചത്! അതിന്റെ പ്രതിഫലനമാണ് മുസ്‌ലിം ലീഗിന്റെ ഫലസ്തീൻ ഐക്യദാർഢ്യ സമ്മേളനത്തിൽ നടത്തിയ പ്രാർഥന അസ്വീകാര്യമാണെന്ന് ജിഫ്രി തങ്ങളെക്കൊണ്ട് പറയിച്ചത്! 'ഒരു പാട് ആളുകളുണ്ട് എന്നതുകൊണ്ട് കാര്യമില്ല, പ്രാർഥന സ്വീകരിച്ചുകൊള്ളണമെന്നില്ല, സമസ്തയുടെ പ്രാർഥനയാണ് യഥാർഥ പ്രാർഥന.' ജിഫ്രി തങ്ങളുടെ ഈ പരാമർശത്തിന് കാരണം ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിൽ മുജാഹിദുകളുമുണ്ട് എന്നതാണ്. സ്വന്തം കാലിന്നടിയിൽ നിന്ന് ഒലിച്ചുപോകുന്ന മണ്ണിന് തടയിടാൻ ഇത്തരം പ്രയോഗങ്ങൾ ഇനിയും ഇവരിൽനിന്ന് പ്രതീക്ഷിക്കാം.

# എന്തുകൊണ്ട് ഇസ്‌ലാം?

അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള ഭയവും രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് തിന്മകൾ വെടിയുവാനും നന്മകൾ ചെയ്യുവാനുമുള്ള പ്രചോദനം. അല്ലാഹുവും അവന്റെ ദൂതനും നന്മയായി പഠിപ്പിച്ചതെന്തോ അതെല്ലാം നന്മയും തിന്മയായി ചൂണ്ടിക്കാട്ടിയതെന്തോ അതെല്ലാം തിന്മയുമാണെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് ഒരു സത്യവിശ്വാസി. അഥവാ ഇസ്‌ലാം തിന്മയെന്നു പറഞ്ഞ ഒരു കാര്യം നന്മയാണെന്നോ നന്മയെന്നു പറഞ്ഞ ഒരു കാര്യം തിന്മയാണെന്നോ കരുതുവാനുള്ള അവകാശം ഒരു വിശ്വാസിക്കില്ല.

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തൽ അനിവാര്യമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബി(സ്വ) സംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. മനുഷ്യനോട് സമൂഹത്തിൽനിന്നുമകന്ന് ആരുമായും യാതൊരു ബന്ധവും പുലർത്താതെ ആരെയും യാതൊരുനിലയ്ക്കും സഹായിക്കാതെ ആരാധനകളിൽ നിരതനായി ഒറ്റപ്പെട്ടു ജീവിക്കുവാനല്ല ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്.

സമൂഹത്തിൽ അവനുള്ള റോളുകളിൽനിന്ന് അവൻ ഒളിച്ചോടുവാൻ പാടില്ല. മാതാപിതാക്കളോട്, മക്കളോട്, ഭാര്യയോട്, ഭർത്താവിനോട്, സഹോദരീസഹോദരന്മാരോട്, കുടുംബക്കാരോട്, അയൽവാസികളോട്, അഗതികളോട്, അനാഥരോട്, ജീവജാലങ്ങളോട്... അങ്ങനെ എല്ലാവരോടും എല്ലാറ്റിനോടും നന്മയിൽ വർത്തിക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു.

സത്യസന്ധത, കാരുണ്യം, ദയ, വിശ്വസ്തത, വിട്ടുവീഴ്ച, ക്ഷമ, വിനയം, നന്മയിൽ സഹകരിക്കൽ തുടങ്ങിയ; മനുഷ്യബന്ധങ്ങളെ സ്നിഗ്ധമാക്കുന്ന മുഴുവൻ ഗുണങ്ങളും ഉൾക്കൊള്ളുവാനും കളവ്, വഞ്ചന, അഹങ്കാരം, പാരുഷ്യം, കോപം, അസൂയ തുടങ്ങിയ എല്ലാ ദുർഗുണങ്ങളും വെടിയുവാനും പലിശ, ലഹരി, ചൂതാട്ടം, വ്യഭിചാരം, കൊല, കൊള്ള തുടങ്ങിയ മുഴുവൻ ദുഷ്ചെയ്തികളും വർജിക്കുവാനും ഒരു മുസ്‌ലിം പ്രതിജ്ഞാബദ്ധനാണ്.

അബൂദർറ് ജുൻദബിബ്നുജുനാദഃ(റ)യിൽനിന്ന് നിവേദനം. നബി(സ്വ) എന്നോട് പറഞ്ഞു: "നന്മയിൽ യാതൊന്നിനെയും നീ നിസ്സാരമാക്കരുത്; നിന്റെ സഹോദരനെ പ്രസന്നവദനനായി കണ്ടുമുട്ടുന്നതുപോലും" (മുസ്‌ലിം).


നിസ്സാരമെന്ന് നാം വിചാരിക്കുന്ന ഒരു നന്മയ്ക്കുപോലും ഇസ്‌ലാം നൽകുന്ന സ്ഥാനം ഈ നബിവചനത്തിൽനിന്നുതന്നെ വ്യക്തമാണ്. നല്ലതായ ഒരു കാര്യവും ഒരു മുസ്‌ലിം നിസ്സാരമായി ഗണിക്കേണ്ടതില്ല. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് ആത്മാർഥമായി അവൻ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു സ്വീകരിക്കും. പുഞ്ചിരിയോടെ ഒരാളെ അഭിമുഖീകരിക്കുക എന്നതുപോലും അവഗണിക്കാവുന്നതല്ല. മനസ്സിൽ പകയും വിദ്വേഷവും ഇല്ലാത്തവർക്കേ അതിനു സാധിക്കുകയുള്ളൂ. ചില്ലറ പിണക്കം പോലും ഒരു പുഞ്ചിരിയിൽ മാഞ്ഞുപോകുമെന്നതാണ് യാഥാർഥ്യം.

സ്രഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും എന്തെല്ലാമെന്ന് പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യൽ സത്യവിശ്വാസിയുടെ കടമയാണ്. വിശുദ്ധ ക്വുർആൻ പറയുന്നു: "...നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു" (2:215). "വല്ലവനും ഒരു നന്മ കൊണ്ടുവന്നാൽ അവന്ന് അതിന്റെ പതിന്മടങ്ങ് ലഭിക്കുന്നതാണ്. വല്ലവനും ഒരു തിന്മ കൊണ്ടുവന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമെ അവന്ന് നൽകപ്പെടുകയുള്ളൂ. അവരോട് യാതൊരനീതിയും കാണിക്കപ്പെടുകയില്ല"(6:161).

# ശൈഖ് ജീലാനിയുടെ അക്വീദയും ഹൈതമിയുടെ 'കടത്തിക്കൂട്ടൽ' വാദവും

അബൂ ഫർഹാൻ ബിൻ യൂസുഫ്
കോട്ടക്കൽ

03



*തെളിവ് ഒന്ന്:*

**അശ്അരീ-ഹമ്പലീ സംഘട്ടനം**

ഹിജ്റ വർഷം 469, ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി ജനിക്കുന്നതിന്റെ ഏതാണ്ട് ഒരുവർഷം മുമ്പ്; ക്വുശൈരിയുടെ മകനായ അബൂ നസ്വ്റുൽ ക്വുശൈരി ബാഗ്ദാദിലെ അശ്അരി കേന്ദ്രമായ നിസാമിയ്യയിൽ പ്രവേശിച്ചു. ഹമ്പലികളെ ശക്തമായ ഭാഷയിൽ വിമർശിക്കുകയും കുറ്റം പറയുകയും മുജസ്സിമത്ത് (അല്ലാഹുവിന് ശരീരമുണ്ടെന്ന വാദം) ആരോപിക്കുകയും ചെയ്തുകൊണ്ട് പ്രസംഗിക്കാൻ തുടങ്ങി. അദ്ദേഹത്തിനു സപ്പോർട്ടായി കടുത്ത അശ്അരി പക്ഷപാതിയും മുതകല്ലിമുമായ അബൂ സഈദ് സൂഫിയുമുണ്ടായിരുന്നു. ശാഫിഈ മദ്ഹബിലെ വലിയ പണ്ഡിതനും മുതകല്ലിമുമായ സീറാസിയുടെ സഹായത്താൽ ആവേശഭരിതരും ഹമ്പലിവിരോധികളുമായ ജനക്കൂട്ടവുമായി ഹമ്പലികൾ തിങ്ങിത്താമസിക്കുന്ന 'സൂക്കുസലാസ്' എന്നറിയപ്പെടുന്ന അവരുടെ ഗല്ലിയിലേക്ക് പ്രവേശിച്ചു. ബാഗ്ദാദിലെ ഹമ്പലി നേതാവും വയോധികനുമായ അബൂജഅ്ഫറുബ്നു അബൂമൂസ(റഹി) പള്ളിയിലായിരുന്ന സന്ദർഭത്തിൽ അബൂ നസ്വ്റുൽ ക്വുശൈരിയും കൂടെയുള്ളവരും അദ്ദേഹത്തെ ചോദ്യം ചെയ്യുകയും മുജസ്സിമത്ത് ആരോപിക്കുകയും ചെയ്തു. മുജസ്സിമത്ത് കാഫിറാണെന്ന് വിശ്വസിക്കുന്ന ഹമ്പലികളെ മുജസ്സിമത്താക്കിയാൽ അവരുടെ കാര്യം പിന്നെ പറയാനുണ്ടോ! തുടർന്ന് സംഘട്ടനമായി. ആളുകൾ പരസ്പരം ആയുധ സംഘട്ടനം നടന്നു. ധാരാളം പേർക്ക് മുറിവേൽക്കുകയും മരണം സംഭവിക്കുകയും ചെയ്തു. വർഷങ്ങൾ നീണ്ടുനിന്നൊരു കറുത്ത അധ്യായമായിട്ടാണ് ഇത് ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നത്. ഇബ്നു ഖല്ലിക്കാന്റെ 'അൽബിദായ,' സുബ്കിയുടെ

**ഹമ്പലീ അക്വീദയെക്കുറിച്ച് സാമാന്യവിവരമോ ചരിത്രബോധമോ വേണ്ടവിധമില്ലാത്ത അശ്അരി മുതകല്ലിമും കടുത്ത സൂഫി പക്ഷപാതിയുമായതുകൊണ്ടും, സൂഫികളെ പൊളിച്ചടുക്കിയ ഇസ്സുബിൻ അബ്ദുിസ്സലാമിനു കാര്യമായ പരിഗണന നൽകാത്തതുകൊണ്ടും ഇത്തരം അബദ്ധങ്ങൾ ഹൈതമിക്കു സംഭവിക്കുന്നത് സ്വാഭാവികം മാത്രം. അതുകൊണ്ടായിരിക്കാം, അശ്അരി-സൂഫികൾ ഖനനംചെയ്തെടുത്ത 'ദസ്സു' (കൂട്ടിച്ചേർക്കൽ) കഥ ഹൈതമി തട്ടിവിട്ടതും, കിതാബുൽ 'ഗുൻയ'തിൽനിന്ന് ആളുകളെ തടഞ്ഞതും.**

ന്നല്ലാതെ ഇത്രയധികം കറാമത്ത് ഒരാളിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഈ വിശ്വാസക്കാരനായിരിക്കെ അതെങ്ങനെ സംഭവിച്ചു എന്നായിരുന്നു മറുചോദ്യം. ഇസ്സ്(റഹി) യുടെ മറുപടി ഇങ്ങനെയായിരിന്നു: 'ലാസിമുൽ മദ്ഹബി ലൈസ ബി മദ്ഹബിൻ' (ഒരാളുടെ ആശയമായതിൽനിന്നും ഭവിക്കുന്ന കാര്യം അയാളുടെ ആശയമായിക്കൊള്ളണമെന്നില്ല)'' (അൽവാഫി ബിൽ വഫയാത്ത് 16/391).

ഇസ്സുബ്നു അബ്ദിസ്സലാമി(റഹി)ന്റെ വാചകമെടുത്തുകൊടുത്ത് ഹാഫിദ്വ ദഹബി ഇങ്ങനെ വിശദീകരിക്കുന്നു: "ഞാൻ പറയുന്നു; ഈ പ്രയോഗം 'അല്ലാഹു ഏറ്റവും മുകളിലാണെന്നുള്ള വിശേഷണം സ്ഥിരപ്പെടുത്തുന്നതിനെ സൂചിപ്പിക്കുന്നു. അതുപോലെയുള്ള മറ്റു വിശേഷണങ്ങളും (നുസൂൽ, ഇസ്തിവാഅ്, ഹർഫ്, സൗത്ത് തുടങ്ങിയവ) ഇവയെല്ലാം ഹമ്പലികൾക്കിടയിൽ അറിയപ്പെട്ട കാര്യവുമാണ്'' (സിയറു അഅ്ലാമുന്നുബലാഅ് 20/443, താരീഖുൽ ഇസ്ലാം 39/91).

ഇതിനുള്ള അസ്കലാനിയുടെ വിശദീകരണം കൂടി വന്നാൽ ഹൈതമിയുടെ കടത്തിക്കൂട്ടൽ തീരുമാനമാകും, തീർച്ച!

"ഇസ്സുബ്നു അബ്ദിസ്സലാമിൽനിന്നും ശറഫുദ്ദീൻ യൂനീനി കേട്ട പരമ്പര സ്വീകാര്യയോഗ്യമാണ്. അദ്ദേഹത്തിന്റെ വിശ്വാസത്തിൽനിന്നും എതിരായി അറിപ്പെട്ടത് ചോ അദ്ദേഹം തന്റെ 'ഗുൻയ'തിലൂടെ വെളിപ്പെടുത്തിയതും തെളിയിച്ചതും. അശ്അരി-സൂഫി പക്ഷപാതിത്വത്തിന്റെ ആധി ബാധിച്ച ഇബ്നു ഹജർ ഹൈതമിക്ക് ഈ ചരിത്രം അറിയാതെപോയതിൽ ആശ്ചര്യപ്പെടേണ്ടതില്ല. കാരണം, ഇബ്നു തൈമിയ്യയെ പിഴച്ചവനെന്ന് ചാപ്പകുത്തിയത് തെളിവും ചരിത്രവും നോക്കിയല്ലല്ലോ.

*തെളിവു രണ്ട്:*

**സുൽത്വാനുൽ ഉലമയുടെ ഒഴിഞ്ഞുമാറ്റം അസ്ക്വലാനി സ്ഥിരപ്പെടുത്തുന്നു**

സുൽത്വാനുൽ ഉലമ (ഒറിജിനൽ) എന്ന് മുസ്ലിം ലോകം വിശേഷിപ്പിക്കുകയും സൂഫി ബിദ്അത്തുകൾക്കെതിരെ നിരന്തരം വാളെടുക്കുകയും എന്നാൽ അശ്അരി അക്വീദക്കാരനുമായ ഇസ്സുബ്നു അബ്ദുസ്സലാം(റഹി) (577-660) തന്നെ ശൈഖ് ജീലാനി അശ്അരികൾക്കെതിരാണെന്ന് തുറന്നു സമ്മതിച്ചതായി സുബ്കിയുടെ ചരിത്രമെഴുതിയ സ്വലാഹുദ്ദീൻ സ്വഫദി വ്യക്തമായ സനദുസഹിതം റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇസ്സുബ്നു അബ്ദിസ്സലാമിൽനിന്നും നേരിൽ കാണുകയും കേൾക്കുകയും ചെയ്ത, ഞാനീകാര്യം കേട്ടുവെന്ന് പറഞ്ഞ വലിയ ഹദീസ് പണ്ഡിതനായ ഹാഫിദ്വ് ശറഫുദ്ദീൻ അബൂ ഹസൻ യൂനീനിയിൽ(621-701)നിന്നാണ് സലാഹുദ്ദീൻ സഫദി ഉദ്ധരിക്കുന്നത്:

"ശൈഖ് അബ്ദുൽ ക്വാദിറിൽനി

'ത്വബകാത്ത്,' ഇബ്നു റജബിന്റെ 'ത്വബകാത്തുൽ ഹനാബില' തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇതു കാണാം. ഈ സംഘട്ടനത്തെ 'ഫിത്നതുൽ ക്വുശൈരി' എന്ന് ഹമ്പലികളും 'ഫിത്നതുൽ ഹനാബില' എന്ന് ചില അശ്അരികളും വിളിക്കുന്നു. ശൈഖ് അബ്ദുൽ ക്വാദിർ ജീലാനിയുടെ ഗുരുനാഥന്മാരുടെ കാലഘട്ടത്തെക്കുറിച്ച് ഇമാം അശ്അരിയുടെ 'മനാകിബി'ൽ ഇബ്നു അസാകീർ പറയുന്നത് കാണുക:

"ക്വുശൈരിയുടെ കാലംവരെ അശ്അരികളും ഹമ്പലികളും പരസ്പരം ഐക്യത്തിലും യോജിപ്പിലുമായിരുന്നു. ക്വുശൈരിയുടെ കാലമെത്തിയപ്പോൾ ബാഗ്ദാദിൽ ഫിത്ന പ്രത്യക്ഷപ്പെടുകയും പരസ്പരമുള്ള ഐക്യം തകരുകയും ചെയ്തു'' (മജ്മൂഉൽ ഫതാവാ, 3/229).

ഈ അശ്അരി വിരുദ്ധ സാഹചര്യത്തിൽ ജീവിച്ച ഹമ്പലി ഗുരുക്കന്മാരിൽനിന്നാണ് ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി അറിവു കരസ്ഥമാക്കിയത്. ക്വുശൈരിയ്യ വിരോധികളായ തന്റെ ഗുരുക്കന്മാരിൽ നിന്ന് അക്വീദ പഠിച്ച ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി പിന്നെ എങ്ങനെ അശ്അരി വിരോധിയാവാതിരിക്കും! അശ്അരി വിരോധ പശ്ചാത്തലമുള്ള ജീലാനി തന്റെ എതിരാളികൾക്കെതിരെയുള്ള അക്വീദ വെളിപ്പെടുത്തുമെന്നതിലും സന്ദേഹമില്ല. ഈ സലഫി-അശ്അരി-ഹമ്പലി അക്വീദയാണ്

ദിച്ച, ദഹബിയുടെ ഒരു റിപ്പോർട്ടിൽ പറയുന്നു: ‘അശ്അരികൾ ഹമ്പലികളുമായി വിശ്വാസപരമായ മസ്അലകളിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ശൈഖാവട്ടെ ഹമ്പലിയുമാണ്.’ അപ്പോൾ ഇസ്സുബ്നു അബ്ദിസ്സലാം(റഹി) പറഞ്ഞു: ‘അതെ, ഒരാളുടെ ആശയമായതിൽനിന്നും ഭവിച്ച കാര്യം അയാളുടെ ആശയമായിക്കൊള്ളണമെന്നില്ല” (അൽജവാഹിറുവദ്ദുറർ 2/942).

വലിയ ഹദീസ് പണ്ഡിതനും നിഷ്പക്ഷവാദിയും ബുഖാരിയുടെ ഏറ്റവും പ്രധാനപ്പെട്ട വ്യഖ്യാതാവുമായ ഹാഫിദ് ഇബ്നു ഹജർ അസ്ഖലാനിയാണ് പറയുന്നത്, അതിന്റെ സനദ് സ്വീകാര്യമാണെന്ന്. മാത്രമല്ല, വിശ്വാസ കാര്യങ്ങളിൽ രണ്ടുവിഭാഗവും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തെയും വ്യക്തമാക്കുന്നു. അതുകൂടാതെ, ശൈഖ് ജീലാനി അശ്അരികൾക്കെതിരായ ഹമ്പലിയാണെന്നുറപ്പിക്കുകയും ചെയ്യുന്നു. ‘ഗുൻയ’തിൽ പറഞ്ഞത് കടത്തിക്കൂട്ടലല്ലെന്ന്, ചരിത്രത്തിലും ഹദീസിലും ഹമ്പലീ അഖീദയിലും വിവരമുള അസ്കലാനി പറയുമ്പോൾ, ഇതിലൊന്നും പെടാത്ത ഹൈതമി വിസ്ഥിത്തം പറയുന്നു, കടത്തിക്കൂട്ടൽ നടന്നുവെന്ന്! ഹൈതമിയെ പുറന്തള്ളി അസ്കലാനിയെ പിടിച്ചാൽ തീരാവുന്ന പ്രശ്നം മാത്രമാണിത്.

അശ്അരി വീക്ഷണത്തിൽ ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, മുജസ്സിമത്തിന്റെ വാദം ശൈഖ് ജീലാനിയിൽനിന്നും ഉൾതിരിഞ്ഞു വരുന്നുണ്ടെങ്കിലും അദ്ദേഹത്തെ മുജസ്സിമാണെന്ന് പറയാൻ പറ്റില്ല. കാരണം, നമ്മളാരോപിക്കുന്ന ആരോപണം അവരുടെ മദ്ഹബായിക്കൊള്ളണമെന്നില്ല.

ഉദാഹരണം: അല്ലാഹുവിനു ഹഖീകിയായ (യഥാർഥമായ) ‘യദ്’ ഉണ്ടെന്ന് ഹമ്പലികൾ പറയുമ്പോൾ അല്ലാഹുവിനു ‘ജിസ്മ്’ (തടി) ഉണ്ടെന്നും പറയേണ്ടിവരും. എന്നാൽ അല്ലാഹുവിന് ജിസ്മില്ല

> **ഉത്തരേന്ത്യൻ ബറേൽവീ സൂഫികൾ കുഴിച്ചെടുത്ത, നഷ്ടപ്പെട്ട മുസ്വന്നഫ് അബ്ദുറസാക്വിന്റെ ഭാഗം പറഞ്ഞ് സൂഫികൾ പ്രിന്റ് ചെയ്തപ്പോൾ അതിലെ വാസ്തവ വിരുദ്ധങ്ങൾക്കെതിരെ ചോദ്യം ചെയ്ത് രംഗത്തിറങ്ങിയവരിൽ മർകസ് കേന്ദ്രീകരിച്ച് നടന്ന മുടിപ്രദർശനത്തിന് അവർതന്നെ സാക്ഷിയാക്കി അവരോധിച്ച സാക്ഷാൽ ‘അലി ജുമുഅ’ പോലും മുസ്വന്നഫിന്റെ കോപ്പി വ്യാജമാണെന്ന് പറഞ്ഞെങ്കിൽ, വേറൊരു വ്യാജ ഗുൻയത് അച്ചടിക്കുവാൻ സമസ്ത സൂഫികൾക്ക് എന്തായാലും പേടിയുണ്ടാകും.**

എന്ന് അവർ തുറന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവരെ മുജസ്സിമത്താക്കാൻ പറ്റില്ല. എന്നാൽ, ഈ വാദം വ്യാഖ്യാനിച്ചാൽ ജിസ്മായിത്തീരുകയും ചെയ്യും. ഇങ്ങനെ ഒരാളുടെ വ്യാഖ്യാന ആശയത്തിൽ വന്നുഭവിക്കുന്ന കാര്യം അയാളുടെ (മദ്ഹബ്) ആശയമല്ലെന്നും പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്, ഇസ്സുബ്നു അബ്ദിസ്സലാം(റഹി) പ്രയോഗിച്ച ‘ലാസിമുൽ മദ്ഹബി ലൈസ ബി മദ്ഹബിൻ’ എന്നതിന്റെ വിവക്ഷ.

ഹിജ്റ 600ൽ മരണപ്പെട്ട അബ്ദുൽ ഗനിയ്യുൽ മക്ദസി (റഹി)യും 620ൽ മരണപ്പെട്ട ശൈഖുൽ മുഅഫ്ഫക് ഇബ്നു ഖുദാമ(റഹി)യും അശ്അരികൾക്കെതിരെ കുഫ്ർ ആരോപിക്കുകയും നിരന്തരം അവരുമായി സംവാദം നടത്തുകയും ചെയ്തിരുന്ന, ജീലാനിവിദ്യാർഥികളായിരുന്നു. ജീലാനിയിൽനിന്നു നേരിട്ട് അറിവു നേടിയ ശിഷ്യന്മാരുള്ളപ്പോൾ ശൈഖ് ജീലാനിയുടെ അഖീദ അശ്അരികൾക്കെതിരല്ലന്നു പറയാൻ ഒരു അശ്അരിക്കും ധൈര്യം വരില്ല. അതിനാലാണ് അശ്അരി പണ്ഡിതനായ ഇസ്സുബ്നു അബ്ദിസ്സലാമിനോട് ശൈഖ് ജീലാനിയുടെ അഖീദ അവർക്കെതിരല്ലേയെന്ന ചോദ്യമുയർന്നതും, എതിരാണെന്ന് തുറന്നു സമ്മതിക്കേണ്ടിവന്നതും.

ഹമ്പലീ അഖീദയെക്കുറിച്ച് സാമാന്യവിവരമോ ചരിത്രബോധമോ വേണ്ടവിധമില്ലാത്ത അശ്അരി മുതകല്ലിമും കടുത്ത സൂഫി പക്ഷപാതിയുമായതുകൊണ്ടും, സൂഫികളെ പൊളിച്ചടുക്കിയ ഇസ്സുബിൻ അബ്ദിസ്സലാമിനു കാര്യമായ പരിഗണന നൽകാത്തതുകൊണ്ടും ഇത്തരം അബദ്ധങ്ങൾ ഹൈതമിക്കു സംഭവിക്കുന്നത് സ്വാഭാവികം മാത്രം. അതുകൊണ്ടായിരിക്കാം, അശ്അരി-സൂഫികൾ ഖനനംചെയ്തെടുത്ത ‘ദസ്സു’ (കൂട്ടിച്ചേർക്കൽ) കഥ ഹൈതമി തട്ടിവിട്ടതും, കിതാബുൽ ‘ഗുൻയ’തിൽനിന്ന് ആളുകളെ തടഞ്ഞതും.

*തെളിവു മൂന്ന്:*

### അശ്അരി-മാതുരീദി ഗ്രന്ഥങ്ങൾ

ഇന്ന് അശ്അരി-മാതുരീദി പണ്ഡിതന്മാരുടെ അഖീദ വിവരിക്കുന്ന, അവരുടെ വക്താക്കൾതന്നെ എഴുതിയ ചരിത്ര ഗ്രന്ഥങ്ങൾ ലോകത്ത് ലഭ്യമാണ്. പ്രസക്തമായ അശ്അരി ചരിത്ര ഗ്രന്ഥങ്ങളിലൊന്നിലും ശൈഖ് ജീലാനിയുടെ പേര് അവരുടെ അഖീദക്കാരനായി പരിചയപ്പെടുത്തുന്നില്ല. അതിനുള്ള കാരണം, പറയത്തക്ക തെളിവില്ലെന്നതു മാത്രമാണ്. എല്ലാവരും ആദരിക്കുന്ന അദ്ദേഹത്തെ ഞങ്ങൾക്ക് കിട്ടിയെങ്കിലെന്നാശിക്കുന്ന, ആരും അഭിമാനത്തോടുകൂടി ഏറ്റെടുക്കാൻ തയ്യാറാകുന്ന ശൈഖ് ജീലാനിയുടെ അഖീദയിൽ അവർക്ക് തെളിവായി ഒരു ലാഞ്ചന പോലുമില്ലന്നതാണ് ശൈഖിനെ സ്വന്തമാക്കാത്തതും സ്വന്തം ചരിത്രത്തിൽ രേഖപ്പെടുത്താത്തതും. ഹൈതമി

ക്ക് പോലും തെളിവില്ലാത്ത സ്ഥിതിക്ക്, ഹൈതമി ഭക്തന്മാരായ സമസ്ത ബറേൽവി സുഹൃത്തുക്കൾക്ക് തെളിവുണ്ടാകുന്നതു ശരിയല്ലെങ്കിലും, തെളിവുണ്ടാക്കൽ അവരുടെ ബാധ്യതതന്നെയാണ്. കാരണം, രണ്ടാലൊരു വിശ്വാസവും നാലാലൊരു മദ്ഹബുമില്ലാത്തവരെ പുത്തൻവാദിയാക്കുന്നവർക്കു രണ്ടിലൊരഖീദ ശൈഖിന് സ്ഥിരപ്പെടുത്തിക്കൊടുത്തില്ലെങ്കിൽ ശൈഖ് ജീലാനിയും അവരുടെ പുത്തൻവാദ ലിസ്റ്റിൽ ഇടം നേടും. അശ്അരികൾ പുത്തൻവാദികളാണെന്ന് ശൈഖ് ജീലാനിയും ശിഷ്യൻമാരും പ്രഖ്യാപിച്ച സ്ഥിതിക്ക് കൂട്ടിച്ചേർത്ത തെളിവ് ഫ്രെയിം ചെയ്തു ഷോക്കേസിൽ വെക്കാനേ പറ്റൂ. അശ്അരികളുടെ ചരിത്രാവബോധം വേണ്ടവിധത്തിലില്ലാത്ത ഹൈതമിയുടെ അബദ്ധങ്ങൾ തള്ളുകയല്ലാതെ ബറേൽവി സുഹൃത്തുക്കൾക്ക് മറ്റെന്തു വഴി!

*തെളിവു നാല്:*

**ഹമ്പലികൾ ശൈഖിനെ ഏറ്റെടുക്കുന്നു**


ഹമ്പലി പണ്ഡിതന്മാരുടെ മഹത്ത്വം പറയുന്ന ഗ്രന്ഥങ്ങളിൽ ഹമ്പലികളുടെ അബ്ദുൽ ഖാദിർ ജീലാനി നിറഞ്ഞു നിൽക്കുന്നു. ഹമ്പലി-സലഫി-അസരി അഖീദക്കാരനായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. കിതാബുൽ ‘ഗുൻയ’തിൽനിന്നും തെളിവുദ്ധരിച്ചും മറ്റും ശൈഖ് ജീലാനിയെ അവർ സ്വന്തമാക്കുന്നു. ഉമ്മയും ബാപ്പയും ഇതെന്റെ കുട്ടിയാണെന്ന് പറയുമ്പോൾ വ്യാജന്മാർക്ക് ഞങ്ങളുടെ കുട്ടിയാണെന്നു പറഞ്ഞ് പിടിച്ചുനിൽക്കാൻ പറ്റില്ലല്ലോ. ഹൈതമിക്ക് മുമ്പുള്ള ഹമ്പലി അഖീദകിതാബുകൾ മരുന്നിനെങ്കിലും തൊട്ടുനോക്കാനെങ്കിലും ഹൈതമി കണ്ടിരുന്നുവെങ്കിൽ വിളമ്പുമോ ഈ പമ്പര വിഡ്ഢിത്തം? ജീലാനിയെ ഹമ്പലികൾ എങ്ങനെ കാണുന്നതെന്നറിയാൻ ഹമ്പലി ചരിത്രഗ്രന്ഥമായ ‘ദൈലു ത്വബകാത്തുൽ ഹനാബില’യെങ്കിലും നോക്കിയാൽ മതിയായിരുന്നു.

*തെളിവ് അഞ്ച്:*

**വ്യത്യസ്ത കോപ്പികൾ**

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ‘കിതാബുൽ ഗുൻയ’തിന്റെ രണ്ടിലധികം കൈയെഴുത്ത് പ്രതികൾ ഇന്നും ലഭ്യമാണ്. അശ്അരി, സൂഫി, സലഫി വ്യത്യാസമില്ലാതെ, അവരവരുടെ അടിക്കുറിപ്പുകളോടുകൂടി, അവരവരുടെ കേന്ദ്രങ്ങളിൽ പ്രിന്റ് ചെയ്തു വിൽക്കപ്പെടുന്നു. അവർക്കാർക്കും കടത്തിക്കൂട്ടലില്ലാത്ത ‘കിതാബുൽ ഗുൻയ’തിന്റെ ഒരു കോപ്പി ഹാജരാക്കുവാനോ വ്യക്തമായ തെളിവ് നിരത്തി സ്ഥാപിക്കുവാനോ സാധിച്ചിട്ടില്ല. ഉത്തരേന്ത്യൻ ബറേൽവീ സൂഫികൾ കുഴിച്ചെടുത്ത, നഷ്ടപ്പെട്ട മുസ്വന്നഫ് അബ്ദുറസാഖിന്റെ ഭാഗം പറഞ്ഞ് സൂഫികൾ പ്രിന്റ് ചെയ്തപ്പോൾ അതിലെ വാസ്തവ വിരുദ്ധങ്ങൾക്കെതിരെ ചോദ്യം ചെയ്ത് രംഗത്തിറങ്ങിയവരിൽ മർകസ് കേന്ദ്രീകരിച്ച് നടന്ന മുടിപ്രദർശനത്തിന് അവർതന്നെ സാക്ഷിയാക്കി അവരോധിച്ച സാക്ഷാൽ ‘അലി ജുമുഅ’ പോലും മുസ്വന്നഫിന്റെ കോപ്പി വ്യാജമാണെന്ന് പറഞ്ഞെങ്കിൽ, വേറൊരു വ്യാജ ഗുൻയത് അച്ചടിക്കുവാൻ സമസ്ത സൂഫികൾക്ക് എന്തായാലും പേടിയുണ്ടാകും. ‘എന്റെ വചനത്തെ പൊയ്യെന്ന് ചൊല്ലുകിൽ, അപ്പോഴേ കൊല്ലുന്ന നഞ്ഞ് ഞാനെന്നോവർ’ എന്ന് ശൈഖ് ജീലാനിയുടെ പേരിൽ പാടിയും പറഞ്ഞും വ്യാഖ്യാനിച്ചും നടക്കുന്നവർ പോലും ആ ‘നഞ്ഞായ’ കിതാബുൽ ഗുൻയത് വിൽക്കുന്നതിലാണ് ഏറെ കൗതുകം. എല്ലാ കഴിവും എല്ലാം നിയന്ത്രണവും ശൈഖിന് സ്ഥാപിക്കുന്ന ബറേൽവി ഉസ്താദുമാർ ജീലാനിയുടെ ‘കിതാബുൽ ഗുൻയ’തിൽ കടത്തിക്കൂട്ടൽ സംഭവിച്ചു എന്നു പറയുമ്പോൾ, ശൈഖിന്റെ കഴിവിനെ ചോദ്യം ചെയ്യപ്പെടുന്നതിനപ്പുറം, ശൈഖിന്റെ വചനം പൊഴിയാണെന്ന് പറയുന്നതിലൂടെ ശൈഖിന്റെ യഥാർഥ വചനത്തെയാണ് കളവാക്കുന്നത്. ബറേൽവികളുടെ ആശയപ്രകാരം പെട്ടെന്ന് ആക്ഷൻ എടുത്ത് ദുനിയാവും ആഖിറും പോക്കിക്കളയില്ലേ എന്ന ചോദ്യം ഒരു സാധാരണക്കാരനിൽ നിന്നുയർന്നാൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം ഇത് ശൈഖിന്റെ വാചകമാണെങ്കിലോ?

*(തുടരും)*



കവർ സ്റ്റോറി

# ഹലാൽ നിരോധനവും മത വിരോധവും നാടിന് ചിതയൊരുക്കുമ്പോൾ

ടി.കെ അശ്റഫ്
: 81118 07199

**ഇന്ത്യയിലെ ആധുനിക തുഗ്ലക്കായി മാറിയിരിക്കുകയാണ് യോഗി. ഭരിക്കുന്നവന്റെ ദുരയ്ക്കും വിവരക്കേടിനും ഒരു നാട് അടിയറ വെക്കേണ്ട വിലയുടെ പാരമ്യതയാണ് യു.പി നൽകിക്കൊണ്ടിരിക്കുന്നത്. ഹലാൽ നിരോധനം കേവലമൊരു വൈകാരിക തീരുമാനമല്ല, തെരഞ്ഞെടുപ്പനുബന്ധിച്ച് വിഭാഗീയതയുടെ വേലിയേറ്റം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ്. ഒറ്റക്കെട്ടായി എതിർത്തേ മതിയാവൂ.**

ഉത്തർപ്രദേശ് സംസ്ഥാനത്ത് ഹലാൽ മുദ്രയുള്ള മുഴുവൻ ഉത്പന്നങ്ങളുടെയും നിർമാണവും സംഭരണവും വിപണനവും സർക്കാർ നിരോധിച്ചതായുള്ള വാർത്ത പുറത്തുവന്നിരിക്കുന്നു. ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, സൗന്ദര്യവർധക വസ്തുക്കൾ തുടങ്ങിയവയ്ക്കെല്ലാം നിരോധനം ബാധകമാണ്. എന്നാൽ, കയറ്റുമതിക്കുവേണ്ടി മാത്രം നിർമിക്കുന്ന ഉത്പന്നങ്ങൾക്ക് നിരോധനം ബാധകമല്ലത്രെ!

ഗുണനിലവാരത്തിൽ സംശമുണ്ടാക്കുന്നുവെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് ഈ നടപടി. ഹലാൽ മുദ്രയില്ലാത്ത ഉത്പന്നങ്ങൾ മോശമെന്ന പ്രചാരണത്തിലൂടെ ചിലർ അധാർമികമായ സാമ്പത്തിക നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നും സമൂഹത്തിൽ വർഗീയ വേർതിരിവും വിദ്വേഷവും സൃഷ്ടിക്കുന്നുവെന്നും യോഗി സർക്കാർ ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നു. രാജ്യത്തെ ദുർബലപ്പെടുത്താനുള്ള ദേശവിരുദ്ധ ശക്തികളുടെ ആസൂത്രിത നീക്കവും ഇതിനു പിന്നിലുണ്ടെന്നാണ് സർക്കാർ ഭാഷ്യം! ഹലാൽ മുദ്രയും സർട്ടിഫിക്കറ്റും നൽകുന്നവർക്കെതിരെയും കർശന നടപടിയുണ്ടാകുമെന്നു ഭക്ഷ്യസുരക്ഷ കമ്മിഷണർ അറിയിച്ചിരിക്കുന്നു.

ഹലാൽ സർട്ടിഫിക്കറ്റില്ലാത്ത ഉത്പന്നങ്ങൾ ബഹിഷ്കരിക്കാൻ ഒരു പ്രത്യേക വിഭാഗം പ്രചാരണം നടത്തുകയാണെന്നും ഇത് ഇതര സമുദായങ്ങളുടെ വ്യാപാര താൽപര്യങ്ങളെ ബാധിക്കുന്നുവെന്നുമൊക്കെയാണ് ഭക്ഷ്യസുരക്ഷ കമ്മിഷണറുടെ വ്യാഖ്യാനം. പാലും പാൽ ഉത്പന്നങ്ങളും ലഘുപാനീയങ്ങളും ബേക്കറി ഉത്പന്നങ്ങളും എണ്ണ



യും ഉൾപ്പെടെയുള്ളവയിലും ഹലാൽ മുദ്ര പതിക്കുന്നതായി അടുത്തിടെ സർക്കാരിനു പരാതി ലഭിച്ചിരുന്നുവത്രെ.

നിയമപരമായി സർക്കാരിന്റേതല്ലാത്ത ഒരു മുദ്രയും ഇവയിൽ പാടില്ലെന്നും നിയമപ്രകാരം ഭക്ഷ്യ സുരക്ഷ നിലവാര അതോറിറ്റിക്കു (എഫ്എസ്എസ്എഐ) മാത്രമാണ് ഭക്ഷ്യവസ്തുക്കളിൽ മുദ്ര പതിപ്പിക്കാനുള്ള അവകാശമെന്നും സർക്കാർ വ്യക്തമാക്കുന്നു.

റീട്ടെയ്ൽ ഉത്പന്നങ്ങൾക്ക് ഹലാൽ സാക്ഷ്യപത്രം നൽകിയതിന് ഒരു കമ്പനിക്കും മൂന്നു സംഘടനകൾക്കുമെതിരേ കേസെടുത്തതിനു പിന്നാലെയാണ് സർക്കാർ നിരോധനം ഏർപ്പെടുത്തിയത്. ചെന്നൈയിലെ 'ഹലാൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്,' ഡൽഹിയിലെ 'ജംഇയത്ത് ഉലമായെ ഹിന്ദ് ഹലാൽ ട്രസ്റ്റ്,' മുംബൈയിലെ 'ഹലാൽ കൗൺസിൽ ഓഫ് ഇന്ത്യ,' 'ജംഇയത്ത് ഉലമ മഹാരാഷ്ട്ര' എന്നിവ ഹലാൽ സർട്ടിഫിക്കറ്റുകൾ നൽകി ഒരു പ്രത്യേക വിഭാഗത്തിനിടയിൽ വിപണനം വർധിപ്പിക്കുകയാ ണെന്നാണ് ആരോപണം.

എന്നാൽ, ആരോപണം അടിസ്ഥാനമില്ലാത്തതാണെന്ന വിശദീകരണവുമായി ജംഇയത്ത് ഉലമായെ ഹിന്ദ് ഹലാൽ ട്രസ്റ്റ് രംഗത്തു വന്നിട്ടുണ്ട്. തെറ്റായ പ്രചാരണത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ വിജ്ഞാപനത്തിൽ നിർദേശിക്കുന്ന എല്ലാ നിയന്ത്രണങ്ങളും ചട്ടങ്ങളും പാലിച്ചാണു തങ്ങൾ പ്രവർത്തിക്കുന്നതെന്നും പല കാരണങ്ങളാൽ തങ്ങൾക്ക് ഉപയോഗിക്കാൻ താൽപര്യമില്ലാത്ത ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിൽനിന്ന് വലിയൊരു വിഭാഗം ജനങ്ങൾക്ക് സഹായ

**ആദിത്യയോഗി സർക്കാരിന്റെ ഈ തീരുമാനത്തിന്റെ വാർത്ത കേട്ടപ്പോൾ ഇതിന് ഇത്രയും വൈകിയതെന്തേ എന്ന ചിന്തയാണ് ഉള്ളിലുണ്ടായത്. ഏതാനും വർഷങ്ങളായി ഉത്തർപ്രദേശ് എന്ന വലിയ സംസ്ഥാനത്തെ സംഭവവികാസങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ആർക്കും ഈ ചിന്ത തന്നെയായിരിക്കും ഉണ്ടായിരിക്കുക. ഇന്ത്യയുടെ എല്ലാ രംഗത്തുമുള്ള വൈവിധ്യങ്ങളെ തകർക്കുക, സവർണ ചിന്താധാരയിൽ അധിഷ്ഠിതമായ ഏകശിലാത്മക രാഷ്ട്രമാക്കി രാജ്യത്തെ മാറ്റുക എന്നതാണ് സംഘപരിവാറിന്റെ പ്രധാന ലക്ഷ്യം. അത് തിരിച്ചറിയാൻ പിന്നാക്ക-ദലിത് വിഭാഗങ്ങൾക്ക് വേണ്ടത്ര സാധിക്കുന്നില്ല എന്നതാണ് അവർ സംഘപരിവാറിന്റെ കുഴലൂത്തുകാരായി മാറുന്നതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.**

കമാണ് ഈ സർട്ടിഫിക്കറ്റെന്നും ഇതിനോടു വിയോജിപ്പുള്ളവർക്ക് മറ്റു ഉത്പന്നങ്ങൾ വാങ്ങാൻ സ്വാതന്ത്ര്യമുണ്ടെന്നും ട്രസ്റ്റ് വിശദീകരിക്കുന്നു.

ആദിത്യയോഗി സർക്കാരിന്റെ ഈ തീരുമാനത്തിന്റെ വാർത്ത കേട്ടപ്പോൾ ഇതിന് ഇത്രയും വൈകിയതെന്തേ എന്ന ചിന്തയാണ് ഉള്ളിലുണ്ടായത്. ഏതാനും വർഷങ്ങളായി ഉത്തർപ്രദേശ് എന്ന വലിയ സംസ്ഥാനത്തെ സംഭവവികാസങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ആർക്കും ഈ ചിന്ത തന്നെയായിരിക്കും ഉണ്ടായിരിക്കുക.

ഇന്ത്യയുടെ എല്ലാ രംഗത്തുമുള്ള വൈവിധ്യങ്ങളെ തകർക്കുക, സവർണ ചിന്താധാരയിൽ അധിഷ്ഠിതമായ ഏകശിലാത്മക രാഷ്ട്രമാക്കി രാജ്യത്തെ മാറ്റുക എന്നതാണ് സംഘപരിവാറിന്റെ പ്രധാന ലക്ഷ്യം. അത് തിരിച്ചറിയാൻ പിന്നാക്ക-ദലിത് വിഭാഗങ്ങൾക്ക് വേണ്ടത്ര സാധിക്കുന്നില്ല എന്നതാണ് അവർ സംഘപരിവാറിന്റെ കുഴലൂത്തുകാരായി മാറുന്നതിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഹലാൽ മുദ്രക്കെതിരിൽ യോഗി സർക്കാർ പറഞ്ഞ കാര്യങ്ങളെല്ലാം പരിശോധിച്ചാൽ എല്ലാം ബാലിശവും അടിസ്ഥാനരഹിതവുമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പതിറ്റാണ്ടുകളായി തുടർന്നുവരുന്ന ഒരു കാര്യം ഒരുദിവസം പെട്ടെന്ന് എങ്ങനെ ഇതര സമുദായങ്ങൾക്കും വിപണിക്കും വ്യവസ്ഥക്കുമെല്ലാം ദോഷകരമായി മാറി? വിഷയം മറ്റൊന്നുമല്ല, പവൻമാറ്റ് വർഗീയതയും വിദ്വേഷവും തന്നെ. യുപിയിൽ യോഗി ഭരണത്തിലേറിയ ശേഷം കൈക്കൊണ്ട ഒട്ടേറെ നടപടികൾ ഇതിനു തെളിവായി എടുത്തുകാണിക്കാൻ കഴിയും.

'ഹലാൽ' ഭക്ഷണത്തിനും അതിന്റെ അടയാളങ്ങൾക്കുമെല്ലാം പുതിയ വ്യാഖ്യാനം നൽകി രാജ്യത്തിന്റെയും സമൂഹത്തിന്റെയും ഗതിയെക്കുറിച്ച് പരിതപിക്കുകയും വിലപിക്കുകയും ചെയ്യുന്ന ഹിന്ദുത്വവാദികളുടെ അവസരവാദം ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്.

കച്ചവടരംഗത്തെ മുസ്‌ലിംകൾ അധീനപ്പെടുത്തുകയെന്ന ലക്ഷ്യം ഹലാൽ ഭക്ഷണങ്ങളിൽ ദർശിക്കുന്ന സംഘപരിവാര ഭരണകൂടം രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങളെ മുഴുവൻ കോർപറേറ്റുകൾക്ക് തീറെഴുതി നൽകാൻ നിയമനിർമാണം നടത്തുകയാണ്! അപ്പോൾ പിന്നെ ഈ കാവി വിലാപത്തിന്റെ അർഥമെന്താണ്? കർഷക ജനങ്ങളുടെ കണ്ണുനീരിന് വില കൽപിക്കാത്തവരുടെ ഭരണം സാമ്പത്തിക ഭീമൻമാരെ പ്രീതിപ്പെടുത്തുമ്പോൾ സാമ്പത്തിക അധീശത്വവാദത്തിലെ പൊരുളറിയാത്തവരായി ഇന്ത്യൻ പൗരൻമാരെ ഗണിക്കാനാകുമെന്നോ?

ഭക്ഷണത്തിൽ പോലും വേർതിരിവിന്റെ രാഷ്ട്രീയത്തിന് മാനം കണ്ടെത്തുകയാണ് ഇക്കൂട്ടർ. ഇഷ്ടപ്പെട്ട ഭക്ഷണം തെരഞ്ഞെടുക്കുവാൻ പൗരനുള്ള അവകാശത്തെ ഹനിക്കുമാറ് നിയമനിർമാണം നടത്താനവർ ധൃതിപ്പെടുകയാണ്. ഒരു വിഭാഗം തങ്ങൾക്ക് ഇഷ്ടമുള്ള ആഹാരം തെരഞ്ഞെടുക്കുന്നത് മറ്റുള്ളവരെ ബാധിക്കാത്തിടത്തോളം അതിന്റെ ഉപയോഗത്തിന് തടസ്സമുണ്ടാക്കുന്നതിന് അർഥമില്ലെന്ന സാമാന്യബോധം അവർക്കില്ലാതെപോയി.

ഹലാലുമായി ബന്ധപ്പെട്ട് നേർപഥത്തിന്റെ വായനക്കാരായ എല്ലാ മതവിഭാഗക്കാർക്കും മനസ്സിലാക്കാൻ കഴിയുംവിധം ഒരു ലഘുവിവരണം നൽകുകയാണിവിടെ:

? *'ഹലാൽ' എന്ന വാക്കിന്റെ അർഥമെന്താണ്?*

! 'അനുവദനീയം.'

? *ഇസ്‌ലാമികമായി 'ഹലാൽ' എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്താണ്?*

! നിഷിദ്ധമല്ലാത്ത ഏതു കാര്യത്തിനും 'ഹലാൽ' എന്ന് പറയാം.

? *'ഹലാൽ' എന്നത് ഭക്ഷണത്തിന് മാത്രം ബാധകമാണോ?*

! ഒരിക്കലുമല്ല. വിശ്വാസം, ആചാരം, അനുഷ്ഠാനം, വേഷം, ഭക്ഷണം, സാമ്പത്തികം, പെരുമാറ്റം തുടങ്ങിയ എല്ലാ മേഖലയിലും അനുവദനീയവും നിഷിദ്ധവുമുണ്ട്.




**ഹലാൽ മുദ്രക്കെതിരിൽ യോഗി സർക്കാർ പറഞ്ഞ കാര്യങ്ങളെല്ലാം പരിശോധിച്ചാൽ എല്ലാം ബാലിശവും അടിസ്ഥാനരഹിതവുമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പതിറ്റാണ്ടുകളായി തുടർന്നുവരുന്ന ഒരു കാര്യം ഒരുദിവസം പെട്ടെന്ന് എങ്ങനെ ഇതര സമുദായങ്ങൾക്കും വിപണിക്കും വ്യവസ്ഥക്കുമെല്ലാം ദോഷകരമായി മാറി? വിഷയം മറ്റൊന്നുമല്ല, പവൻമാറ്റ് വർഗീയതയും വിദ്വേഷവും തന്നെ. യുപിയിൽ യോഗി ഭരണത്തിലേറിയ ശേഷം കൈക്കൊണ്ട ഒട്ടേറെ നടപടികൾ ഇതിനു തെളിവായി എടുത്തുകാണിക്കാൻ കഴിയും.**

? *എന്തിനാണ് ഇങ്ങനെ വേർതിരിക്കുന്നത്?*

! ഈ വേർതിരിവ് സമുദായത്തിലെ ഏതെങ്കിലും വ്യക്തിയോ സംഘടനയോ ഉണ്ടാക്കുന്നതല്ല. പ്രപഞ്ചസ്രഷ്ടാവിന്റെ അടുക്കൽനിന്നുള്ള നിർദേശത്തിന്റെ ഭാഗമാണത്. നല്ലതു മാത്രമെ അല്ലാഹു അനുവദിച്ച് തന്നിട്ടുള്ളൂ: "തങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്തൊക്കെയാണെന്ന് അവർ നിന്നോട് ചോദിക്കും. പറയുക: നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു..." (ക്വുർആൻ 5:4).

നബി(സ്വ)യുടെ വിശേഷണമായി അല്ലാഹു എടുത്തുപറയുന്നത് കാണുക: "...അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു..."(7:157).

? *എന്തിനാണ് ദൈവം നിയമങ്ങൾകൊണ്ട് മനുഷ്യനെ പ്രയാസപ്പെടുത്തുന്നത്?*

! നിയമങ്ങൾ പ്രയാസപ്പെടുത്താനല്ല; എളുപ്പമുണ്ടാക്കാനാണ്. നാം ജീവിക്കുന്ന ഏതു മേഖലയിലാണ് നിയമങ്ങളില്ലാത്തത്? നമ്മുടെ രാജ്യം തന്നെ നിയതമായ ഭരണഘടന അനുസരിച്ചാണല്ലൊ മുന്നോട്ടുപോകുന്നത്. കൃത്യമായ ഗതാഗത നിയമങ്ങളുടെ അഭാവം വരുത്തിവയ്ക്കുന്ന വിനകൾ എത്ര ഭീകരമായിരിക്കും! സർക്കാറിന്റെ ഏതു കാര്യത്തിലാണ് നിയമങ്ങളും ചട്ടങ്ങളുമില്ലാത്തത്? അതിനെയെല്ലാം മനുഷ്യനെ പ്രയാസപ്പെടുത്തുന്നവയെന്ന് വിശേഷിപ്പിക്കാമോ?

? *നാട്ടിലുള്ള നിയമങ്ങൾ മനുഷ്യർ പരസ്പരം ചർച്ച ചെയ്ത് ജനാധിപത്യപരമായി ഉണ്ടാക്കുന്നതല്ലേ?എന്നാൽ മതത്തിന്റെ നിയമങ്ങൾ അങ്ങനെയാണോ? അതിൽ മനുഷ്യർക്ക് വല്ല പങ്കുമുണ്ടോ?*

! ഏതൊരു ഉപകരണവും പ്രവർത്തിപ്പിക്കുന്നതിന്റെ നിയമാവലി അതിന്റെ നിർമാതാക്കളിൽ നിക്ഷിപ്തമാണ്. അവർക്കാണത് വ്യക്തമായും കൃത്യമായും വിശദീകരിക്കാനാവുക. മനുഷ്യന്റെ സ്രഷ്ടാവ് ഏതെങ്കിലും മനുഷ്യരോ കമ്പനിയോ അല്ല; പ്രപഞ്ച സ്രഷ്ടാവായ ദൈവമാണ്. അതിനാൽ മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് സ്രഷ്ടാവായ ദൈവംതന്നെയാണ് അറിയിക്കേണ്ടത്. അവന്റെ അറിവിന് കാല-ദേശ വ്യത്യാസമില്ല. കാലമെത്ര പിന്നിട്ടാലും അവന്റെ നിയമങ്ങളിൽ ഒരു അപാകതയും ഉണ്ടാവില്ല. ദൈവത്തിന്റെ പേരിൽ മനുഷ്യരുണ്ടാക്കിയ കള്ളനാണയങ്ങളാണ് പലപ്പോഴും പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നത്.

? *ദൈവം നിയമങ്ങൾ എങ്ങനെയാണ് ജനങ്ങളെ അറിയിച്ചത്?*

! മനുഷ്യരിൽനിന്ന് സ്രഷ്ടാവ് അവന്റെ സന്ദേശമെത്തിക്കാൻ ദൂതന്മാരെ തെരഞ്ഞെടുക്കുന്നു. അവർക്ക് ദിവ്യബോധനം നൽകുന്നു. വേദഗ്രന്ഥം നൽകുന്നു. അവർ സ്രഷ്ടാവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നു.

? *അങ്ങനെ എത്ര പ്രവാചകന്മാർ വന്നിട്ടുണ്ട്? ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടോ?*

! ലക്ഷത്തിലധികം പ്രവാചകന്മാർ വന്നിട്ടുണ്ട്. ഇരുപത്തിയഞ്ച് പ്രവാചകന്മാരുടെ പേരുകളാണ് അന്തിമ പ്രവാചകനായ മുഹമ്മദ് നബി(സ്വ)ക്ക് അവതരിച്ച വിശുദ്ധ ക്വുർആനിൽ പരാമർശിച്ചിട്ടുള്ളത്. ലോകത്തിന്റെ എല്ലാഭാഗത്തും പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു: "തീർച്ചയായും എല്ലാ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്..." (ക്വുർആൻ 16:36).

**കച്ചവടരംഗത്തെ മുസ്‌ലിംകൾ അധീനപ്പെടുത്തുകയെന്ന ലക്ഷ്യം ഹലാൽ ഭക്ഷണങ്ങളിൽ ദർശിക്കുന്ന സംഘപരിവാര ഭരണകൂടം രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങളെ മുഴുവൻ കോർപറേറ്റുകൾക്ക് തീറെഴുതി നൽകാൻ നിയമനിർമാണം നടത്തുകയാണ്! അപ്പോൾ പിന്നെ ഈ കാവി വിലാപത്തിന്റെ അർഥമെന്താണ്? കർഷക ജനങ്ങളുടെ കണ്ണുനീരിന് വില കൽപിക്കാത്തവരുടെ ഭരണം സാമ്പത്തിക ഭീമൻമാരെ പ്രീതിപ്പെടുത്തുമ്പോൾ സാമ്പത്തിക അധീശത്വ വാദത്തിലെ പൊരുളറിയാത്തവരായി ഇന്ത്യൻ പൗരൻമാരെ ഗണിക്കാനാകുമെന്നോ?**

? *പല കാര്യങ്ങളും അനുവദനീയമാക്കിയതിനും നിഷിദ്ധമാക്കിയതിനും പിന്നിലുള്ള യുക്തി എന്താണ്? മനുഷ്യരുടെ സ്വാതന്ത്ര്യം തടയലല്ലേ അത്?*

! എല്ലാ കാര്യത്തിലുമുള്ള യുക്തി നമ്മുടെ ബുദ്ധികൊണ്ട് ഗ്രഹിക്കുക സാധ്യമല്ല. ദൈവം നിഷിദ്ധമാക്കിയതെല്ലാം മാനവസമൂഹത്തിന് ദോഷം വരുത്തുന്നവയാണെന്ന് നിസ്സംശയം പറയാം. ഉദാഹരണമായി, ഇസ്‌ലാമിൽ മദ്യം നിഷിദ്ധമാണ്. അതുണ്ടാക്കുന്ന ഭവിഷ്യത്തുകൾ എത്രയാണെന്ന് പറയേണ്ടതില്ലല്ലോ! മനുഷ്യന്റെ ചിന്തയെയും മനസ്സിനെയും പ്രകൃതിയെയും മാറ്റിമറിക്കുന്ന ഒന്നാണ് മദ്യം. ലഹരി ബാധിച്ചവൻ എന്തും പറയും, എന്തും ചെയ്യും. ഭാര്യയെയും മാതാവിനെയും അവൻ ഒരുപോലെ

> **എല്ലാ കാര്യത്തിലുമുള്ള യുക്തി നമ്മുടെ ബുദ്ധികൊണ്ട് ഗ്രഹിക്കുക സാധ്യമല്ല. ദൈവം നിഷിദ്ധമാക്കിയതെല്ലാം മാനവസമൂഹത്തിന് ദോഷം വരുത്തുന്നവയാണെന്ന് നിസ്സംശയം പറയാം. ഉദാഹരണമായി, ഇസ്‌ലാമിൽ മദ്യം നിഷിദ്ധമാണ്. അതുണ്ടാക്കുന്ന ഭവിഷ്യത്തുകൾ എത്രയാണെന്ന് പറയേണ്ടതില്ലല്ലോ! മനുഷ്യന്റെ ചിന്തയെയും മനസ്സിനെയും പ്രകൃതിയെയും മാറ്റിമറിക്കുന്ന ഒന്നാണ് മദ്യം. ലഹരി ബാധിച്ചവൻ എന്തും പറയും, എന്തും ചെയ്യും. ഭാര്യയെയും മാതാവിനെയും അവൻ ഒരുപോലെ കണ്ടെന്നുവരും. ധാർമികതയുടെ അതിർവരമ്പുകളൊന്നും അവനു മുമ്പിൽ ഉണ്ടാകില്ല. അതിനാൽ തന്നെ നബി(സ്വ) 'മത്തുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ്' എന്നു പഠിപ്പിച്ചു.**

കണ്ടെന്നുവരും. ധാർമികതയുടെ അതിർവരമ്പുകളൊന്നും അവനു മുമ്പിൽ ഉണ്ടാകില്ല. അതിനാൽതന്നെ നബി(സ്വ) 'മത്തുണ്ടാക്കുന്നതെല്ലാം നിഷിദ്ധമാണ്' എന്നു പഠിപ്പിച്ചു.

ഹൃദയം, കരൾ, വൃക്ക, പേശികൾ, മസ്തിഷ്കം തുടങ്ങി എല്ലാറ്റിനെയും ബാധിക്കുന്ന രോഗങ്ങളാണ് അൽക്കഹോൾ ഉണ്ടാക്കുന്നത്. കുടൽ, ആമാശയം, പാൻക്രിയാസ് ഗ്രന്ഥി എന്നിവയെയും ഇത് ബാധിക്കും. ലിവർ ദ്രവിക്കാനുള്ള സാധ്യത കൂടും.

യുക്തിമാനായ അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം''(5:90).

ദൈവികനിയമങ്ങൾ അനുസരിക്കുന്നത് മനുഷ്യർക്ക് ഗുണം മാത്രമെ വരുത്തൂ; ഇഹലോകത്തും പരലോകത്തും ഒരുപോലെ.

? *മനുഷ്യന്റെ നിഖില മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു വിഷയമാണ് ഹലാൽ-ഹറാം എന്നത് ഇപ്പോൾ മനസ്സിലായി. എന്നാൽ ഹലാൽ എന്ന വാക്കിന്റെ പേരിൽ വിവാദമുണ്ടാക്കുന്നത് എന്തുകൊണ്ടാണ്?*

! അധികാരം പിടിക്കാനും അത് നിലനിർത്താനും മനുഷ്യക്ഷേമവും രാജ്യപുരോഗതിയുമല്ല ഇക്കാലത്ത് മാനദണ്ഡമായി വർത്തിക്കുന്നത്. അഴിമതിമുക്തമായ, ജനക്ഷേമത്തിൽ അധിഷ്ഠിതമായ ഭരണം നടത്തൽ ശ്രമകരമായ ദൗത്യമാണ്.

മുമ്പൊക്കെ ഭരണാധികാരികൾക്ക് ഭരണത്തിൽനിന്നിറങ്ങുമ്പോൾ വ്യക്തിപരമായി സാമ്പത്തിക പരാധീനതകളാണ് ഉണ്ടായിരുന്നതെങ്കിൽ, ഇപ്പോഴത്തെ ഭരണാധികാരികൾ ഭരണം അവസാനിപ്പിക്കുമ്പോൾ രാജ്യം ദരിദ്രമാവുകയും അവർ ധനികരാവുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. കോർപറേറ്റുകളുമായി ചേർന്ന് രാജ്യത്തെ തന്നെ വിറ്റു കാശാക്കുന്ന അവസ്ഥയാണുള്ളത്. ഇതെല്ലാം മൂടിവെക്കാനും അധികാരം പിടിച്ചെടുക്കാനും നിലനിർത്താനുമൊക്കെയുള്ള എളുപ്പവഴി വിദ്വേഷം പ്രചരിപ്പിക്കലും മതപരമായ ചേരിതിരിവ് ഉണ്ടാക്കലുമാണ്. ഹലാൽ വിവാദം ഇതിന്റെ ഭാഗമാണ്.

? *ചരിത്രത്തിൽ ഇതിന് മാതൃകയുണ്ടോ?*

! തീർച്ചയായും ഉണ്ട്. ഹിറ്റ്ലർ ജൂതന്മാർക്കെതിരിൽ വെറുപ്പ് കുത്തിവച്ചുകൊണ്ടാണ് ഭരണം പിടിച്ചെടുത്തതും നിലനിർത്തിയതും. ഇന്ത്യയിലിപ്പോൾ ആവർത്തിക്കുന്നത് അതാണ്. മുസ്‌ലിംകളോടുള്ള വെറുപ്പ് മറ്റുള്ളവരിൽ ആസൂത്രിതമായി കുത്തിവച്ച് രാഷ്ട്രീയ-സാമ്പത്തിക താൽപര്യങ്ങൾ നേടിയെടുക്കാനാണ് ശ്രമിക്കുന്നത്. വർഗീയവികാരം ആളിക്കത്തിയാൽ അതിന്റെ വെളിച്ചത്തിൽ ഇന്ധനത്തിന്റെയും പാചകവാതകത്തിന്റെയും നിത്യോപയോഗ സാധനങ്ങളുടെയും വില കൂട്ടുന്നതുപോലും ജനം ശ്രദ്ധിക്കില്ലെന്ന് അധികാരികൾക്ക് നന്നായറിയാം.

? *ഇതാണ് അവരുടെ ലക്ഷ്യമെങ്കിൽ ഈ വിഷയത്തെ ഒരു വിവാദമായി നിലനിർത്താതിരിക്കാനല്ലേ നമ്മൾ ശ്രമിക്കേണ്ടത്?*

! അതാണ് നല്ലത്. എന്നാൽ മീഡിയകളിൽ ഇത് ചർച്ച ചെയ്യപ്പെടുകയും തെറ്റായ ധാരണകൾ സമൂഹത്തിൽ പരക്കുകയും ചെയ്യുമ്പോൾ ചിലരെങ്കിലും ആശയക്കുഴപ്പത്തിലാവുകയും വർഗീയതയുടെ വിറകായി മാറുകയും ചെയ്യാനുള്ള സാധ്യതയുണ്ട്. അതുകൊണ്ടാണ് യാഥാർഥ്യം വിശദീകരിക്കേണ്ടി വരുന്നത്.



- ? *ഹലാൽ ഫുഡ് എന്നതിൽ ഏതെല്ലാം വരും?*
- ! നിഷിദ്ധമാക്കാത്തതെല്ലാം ഹലാലാണ്, അഥവാ അനുവദനീയമാണ്.
- ? *നിഷിദ്ധമാക്കിയത് ഏതെല്ലാമാണ്?*
- ! ഈ വിഷയത്തിൽ വന്ന ഖുർആൻ വചനത്തിൽനിന്ന് ഇക്കാര്യം വ്യക്തമാകും:

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക്നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽനിന്നൊഴിവാകുന്നു..." (ഖുർആൻ 5:3).

രക്തം ഞരമ്പുകളിലൂടെ ഓടിക്കൊണ്ടിരിക്കുമ്പോൾ രോഗാണുക്കൾ പ്രത്യക്ഷപ്പെടുകയും അവ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യും. അടിച്ചു കൊന്നതിലും വീണു ചത്തതിലും കുത്തേറ്റു ചത്തതിലുമൊക്കെ സംഭവിക്കുന്നത് ഇതാണ്. അറുക്കപ്പെടാത്ത, ചത്ത മൃഗങ്ങളുടെ അവസ്ഥയും ഇതുതന്നെ. മുഴുവൻ രക്തവും പുറത്തുപോകാൻ വേണ്ടിയാണ് അറുക്കുമ്പോൾ തല അറുത്തു മാറ്റരുതെന്ന് കൽപിക്കപ്പെട്ടത്.

- ? *അറവ് നടത്തുമ്പോഴുള്ള മര്യാദകൾ എന്തെല്ലാമാണ്?*
- ! അറവുശാലയിലേക്ക് ഉരുവിനെ വലിച്ചിഴച്ച് ക്രൂരമായ രൂപത്തിൽ കൊണ്ടുപോകരുത്. അറുക്കാൻ പൂർണമായും സജ്ജമായ ശേഷമെ കിടത്താവൂ. അറുക്കുന്നതിന് മുമ്പ് ഉരുവിന്റെ അവയവങ്ങൾ മുറിച്ചെടുക്കാവതല്ല. അറുക്കുന്നത് നല്ല മൂർച്ചയുള്ള ആയുധം കൊണ്ടാവണം. അറുക്കുന്ന അവസരത്തിൽ ദൈവനാമം ഉച്ചരിക്കണം. അറവ് നടത്തുന്നത് സാവകാശം മൂർന്നുകൊണ്ടാവരുത്; ആയുധം വേഗം ചലിപ്പിച്ചുകൊണ്ടായിരിക്കണം. രക്തം ഒഴുക്കിക്കളയാനും നിർദേശമുണ്ട്. തലയ്ക്കടിച്ചും ശ്വാസംമുട്ടിച്ചും ഉരുവിനെ കൊല്ലുന്നത് ഇസ്‌ലാം നിരോധിക്കുന്നു.
- ? *അറവ് മാത്രമാണോ ഹലാലിന്റെ മാനദണ്ഡം?*
- ! ഉരുവാണെങ്കിലും പക്ഷികളാണെങ്കിലും അവ അനുവദനീയമായ വഴിയിലൂടെ സമ്പാദിച്ചതാവണം. മോഷ്ടിച്ച ഉരുവിനെ ദൈവനാമം ഉച്ചരിച്ച് അറുത്താലും അനുവദനീയമല്ല.
- ? *ഹലാൽ സ്റ്റിക്കർ പതിക്കാൻ മതപരമായ നിർദേശമുണ്ടോ?*
- ! ഹലാൽ സ്റ്റിക്കർ ഒട്ടിച്ച് സാധനങ്ങൾ വിൽക്കണമെന്ന ആഹ്വാനം ഇസ്‌ലാം നൽകിയിട്ടില്ല. എന്നാൽ മുസ്‌ലിംകൾക്ക് ഹറാമായത് തിന്നുകൂടാ. തങ്ങൾ വാങ്ങുന്ന സാധനം ഹലാലാണെന്ന് ഉറപ്പാക്കാൻ അവർ ആഗ്രഹിക്കും. മാർക്കറ്റിൽ ഹറാമായതും ലഭ്യമായതിനാൽ ഹലാലായത് തിരിച്ചറിയാനാണ് ഹലാൽ സ്റ്റിക്കർ പതിക്കുന്നത്. കയറ്റുമതിക്കുവേണ്ടി മാത്രം നിർമിക്കുന്ന ഉത്പന്നങ്ങൾക്ക് ഹലാൽ സ്റ്റിക്കർ നിരോധനം ബാധകമല്ലെന്ന് യോഗി സർക്കാർ പറഞ്ഞത് എന്തുകൊണ്ടാണ്? ഇന്ത്യയിലെ അൽകബീർ, അന്നൂർ പോലുള്ള, മുസ്‌ലിംകളല്ലാത്തവർ നടത്തുന്ന വൻകിട ബീഫ് കയറ്റുമതി കമ്പനികൾ പോലും ഹലാൽ സ്റ്റിക്കർ പതിപ്പിച്ചുകൊണ്ടാണ് കയറ്റുമതി നടത്തുന്നത്. അല്ലാത്തപക്ഷം അവ തിരിച്ചയക്കപ്പെടും. ബ്രസീൽ പോലുള്ള, മുസ്‌ലിംകൾ വളരെ ചെറിയ ന്യൂനപക്ഷം മാത്രമുള്ള പല രാജ്യങ്ങളിലും ഹലാൽ സ്റ്റിക്കറൊട്ടിച്ച ഭക്ഷ്യവസ്തുക്കളാണ് വിപണനം ചെയ്യപ്പെടുന്നത്. ആരെങ്കിലും ചത്തതും കേടായതുമായ മാംസം ഹലാൽ സ്റ്റിക്കറൊട്ടിച്ച് വിതരണം ചെയ്യുന്നുവെങ്കിൽ അത് തടയുവാനാണ് സർക്കാർ തയ്യാറാകേണ്ടത്, അല്ലാതെ ഹലാൽ ഭക്ഷണം വിൽക്കാൻ പാടില്ലെന്നു പറയാനല്ല.

**മുമ്പൊക്കെ ഭരണാധികാരികൾക്ക് ഭരണത്തിൽനിന്നിറങ്ങുമ്പോൾ വ്യക്തിപരമായി സാമ്പത്തിക പരാധീനതകളാണ് ഉണ്ടായിരുന്നതെങ്കിൽ, ഇപ്പോഴത്തെ ഭരണാധികാരികൾ ഭരണം അവസാനിപ്പിക്കുമ്പോൾ രാജ്യം ദരിദ്രമാവുകയും അവർ ധനികരാവുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. കോർപറേറ്റുകളുമായി ചേർന്ന് രാജ്യത്തെ തന്നെ വിറ്റു കാശാക്കുന്ന അവസ്ഥയാണുള്ളത്. ഇതെല്ലാം മൂടിവെക്കാനും അധികാരം പിടിച്ചെടുക്കാനും നിലനിർത്താനുമൊക്കെയുള്ള എളുപ്പവഴി വിദ്വേഷം പ്രചരിപ്പിക്കലും മതപരമായ ചേരിതിരിവ് ഉണ്ടാക്കലുമാണ്. ഹലാൽ വിവാദം ഇതിന്റെ ഭാഗമാണ്.**

ഓരോ മതത്തിന്റെയും വിശ്വാസവും ആദർശവും അനുസരിച്ച് അവരുടെ ഭക്ഷണം, വസ്ത്രം, ആചാരം എന്നിവയിൽ വ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്. അത് നിലനിർത്തി പരസ്പര സൗഹാർദത്തോടെ ജീവിക്കുന്ന ദേശത്തിന്റെ പേരാണ് ഇന്ത്യ. ഈ സാഹചര്യം നിലനിന്നു കാണുവാനാണ് രാജ്യസ്നേഹികളെല്ലാം ആഗ്രഹിക്കുന്നത്.

മുസ്‌ലിംകൾക്ക് ഏതു കാര്യത്തിലും അല്ലാഹുവിന്റെ തൃപ്തി നേടൽ പ്രധാനമാണ്. അത് ഭക്ഷണത്തിന്റെ കാര്യത്തിലും വേണം. അതിന് മതത്തിന്റെ നിർദേശങ്ങൾ അനുസരിക്കൽ നിർബന്ധമാണ്. അതിനാലാണ് ചില ഭക്ഷണങ്ങൾ വർജിക്കുന്നത്. അത് മറ്റുള്ളവരോടുള്ള വെറുപ്പുകൊണ്ടല്ല. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾
ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ عِندَ رَبِّكُمْ
تَخْتَصِمُونَ ﴿٣١﴾
۞ فَمَنْ أَظْلَمُ مِمَّن كَذَبَ عَلَى اللَّهِ
وَكَذَّبَ بِالصِّدْقِ إِذْ جَاءَهُ ۚ أَلَيْسَ فِي
جَهَنَّمَ مَثْوًى لِّلْكَافِرِينَ ﴿٣٢﴾
وَالَّذِي جَاءَ بِالصِّدْقِ وَصَدَّقَ بِهِ ۙ أُولَٰئِكَ
هُمُ الْمُتَّقُونَ ﴿٣٣﴾
لَهُم مَّا يَشَاءُونَ عِندَ رَبِّهِمْ ۚ ذَٰلِكَ جَزَاءُ
الْمُحْسِنِينَ ﴿٣٤﴾
لِيُكَفِّرَ اللَّهُ عَنْهُمْ أَسْوَأَ الَّذِي عَمِلُوا
وَيَجْزِيَهُمْ أَجْرَهُم بِأَحْسَنِ الَّذِي كَانُوا
يَعْمَلُونَ ﴿٣٥﴾

30. തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു.
31. പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ വെച്ച് വഴക്ക് കൂടുന്നതാണ്.
32. അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയും സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ചുതള്ളുകയും ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം?
33. സത്യവും കൊണ്ടുവരുകയും അതിൽ വിശ്വസിക്കുകയും ചെയ്തതാരോ അത്തരക്കാർ തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ.
34. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും. അതത്രെ സദ്‌വൃത്തർക്കുള്ള പ്രതിഫലം.
35. അവർ പ്രവർത്തിച്ചതിൽനിന്ന് ഏറ്റവും ചീത്തയായതുപോലും അല്ലാഹു അവരിൽനിന്ന് മായ്ച്ചുകളയും. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതനുസരിച്ച് അവർക്ക് അവൻ പ്രതിഫലം നൽകുകയും ചെയ്യും.

30) (തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു) നിങ്ങളെല്ലാവരും മരിച്ചേ പറ്റൂ.

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ الْخُلْدَ ۖ أَفَإِن مِّتَّ فَهُمُ الْخَالِدُونَ ﴿٣٤﴾

“നബിയേ, നിനക്ക് മുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ നിത്യജീവികളായിരിക്കുമോ?” (21:34).

31). (പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽവെച്ച് വഴക്ക് കൂടുന്നതാണ്) നിങ്ങൾക്ക് ഭിന്നതയുള്ള കാര്യങ്ങളിൽ. അപ്പോൾ അവൻ അതിൽ നീതിപുർവം വിധിക്കും. ഓരോരുത്തർക്കും തങ്ങളുടെ പ്രവൃത്തിയനുസരിച്ച് പ്രതിഫലം വിധിക്കും.

أَحْصَاهُ اللَّهُ وَنَسُوهُ

“അല്ലാഹു അത് തിട്ടപ്പെടുത്തുകയും അവരത് മറന്നുപോവുകയും ചെയ്യുന്നു” (86:6).

32) ഇവിടെ അല്ലാഹു ഒരു മുന്നറിയിപ്പ് നൽകുന്നു.

ഒരാളുംതന്നെ വലിയതോ മോശമായതോ ആയ തെറ്റ് ചെയ്യുന്നില്ല; (അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്നവനെക്കാൾ) അല്ലാഹുവിന്റെ മഹത്ത്വത്തിന് യോജിക്കാത്തത് അവന്റെ പേരിൽ പറയുന്നതും പ്രവാചകത്വം വാദിക്കുന്നതും അല്ലാഹു പറയാത്തത് അവന്റെ പേരിൽ പറയുന്നതും ഇതിൽ ഉൾപെടാം.

وَأَن تَقُولُواْ عَلَى ٱللَّهِ مَا لَا تَعۡلَمُونَ ﴿٣٣﴾

"അല്ലാഹുവിന്റെ പേരിൽ നിങ്ങൾ വിവരമില്ലാത്തത് പറഞ്ഞുണ്ടാക്കുന്നതും."

ഒരാൾ അറിവില്ലാത്തവനാണെങ്കിൽ, അല്ലെങ്കിൽ അത് അതിലും മോശവും കൂടുതൽ മ്ലേച്ഛവുമാണ്. (സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ച് തള്ളുകയും ചെയ്തവൻ) വ്യക്തമായ തെളിവുകളുമായി ബലപ്പെട്ട സത്യം വന്നപ്പോൾ അതിനെ കളവാക്കിയവനെക്കാൾ അക്രമിയായി ഒരാളുമില്ല. കളവാക്കുന്നത് ഏറ്റവും വലിയ അക്രമംതന്നെ. സത്യം ബോധ്യപ്പെട്ടതിനുശേഷം തള്ളിക്കളയുന്നു എന്നതാണ് കാരണം. ഇനി ഒരാൾ സത്യത്തെ കളവാക്കുകയും അല്ലാഹുവിന്റെ മേൽ കളവ് പറയുകയും കൂടി ചെയ്താൽ അത് അക്രമത്തിനുമേൽ അക്രമമാണ്.

(നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം) അവരുടെ പ്രവർത്തനങ്ങൾക്കുള്ള ശമനം അതിലുണ്ട്. എല്ലാ നിഷേധിയിൽനിന്നും അക്രമിയിൽനിന്നും അല്ലാഹുവിന്റെ അവകാശങ്ങൾ പിടിച്ചെടുക്കപ്പെടും.

إِنَّ ٱلشِّرۡكَ لَظُلۡمٌ عَظِيمٞ ﴿١٣﴾

"തീർച്ചയായും ശിർക്ക് ഏറ്റവും വലിയ അക്രമമാണ്."

33) കളവാക്കുന്നവനെക്കുറിച്ചും അവൻ ചെയ്യുന്ന തെറ്റും അതിന്റെ ശിക്ഷയും പരാമർശിച്ചതിനു ശേഷം തന്നെ സത്യപ്പെടുത്തുന്നവനെക്കുറിച്ചും അവനുള്ള പ്രതിഫലത്തെക്കുറിച്ചും പറയുന്നുണ്ട്. (സത്യവും കൊണ്ടു വരികയും) വാക്കിലും പ്രവൃത്തിയിലും സത്യസന്ധത പാലിക്കുന്നവൻ. ഇവരിൽ പ്രവാചകന്മാരും അവരുടെ ദൗത്യം നിർവഹിക്കുന്നവരും ഉൾപ്പെടും. അല്ലാഹുവിൽനിന്ന് അവതരിക്കുന്നതും അവന്റെ മതനിയമങ്ങളും സത്യസന്ധമായ ഏതൊരു കാര്യവും അംഗീകരിക്കുന്ന ഏതൊരുവനെയും ഇതിൽ പെടുത്താം.

(അതിൽ വിശ്വസിക്കുകയും) അതായത് സത്യത്തിൽ. കാരണം ഒരു വ്യക്തി സത്യം പ്രഖ്യാപിച്ചേക്കാം, എന്നാൽ അതിൽ വിശ്വസിക്കണം എന്നില്ല. പക്ഷേ, അവനത് പാലിക്കുകയില്ല. അവന്റെ അഹങ്കാരം കൊണ്ടോ അതല്ലെങ്കിൽ പറഞ്ഞവനെ അംഗീകരിക്കാനുള്ള പ്രയാസം മൂലമോ. അതുകൊണ്ടാണ് അംഗീകരിക്കുന്നവരെ പ്രത്യേകം എടുത്തുപറഞ്ഞത്.

സത്യസന്ധത അറിവിനെയും നീതിയെയും പ്രതിനിധീകരിക്കുന്നു. സത്യപ്പെടുത്താനുള്ള മനസ്സ് വിനയത്തെയും അഹങ്കാരമില്ലായ്മയെയുമാണ് സൂചിപ്പിക്കുന്നത്.

(അത്തരക്കാർ) ഇവർ രണ്ട് കാര്യങ്ങളെ ഒന്നിച്ച് കൈവരിച്ചവരാണ്. (തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ) തക്‌വയുമായി ബന്ധപ്പെട്ടതെല്ലാം സത്യത്തെ അംഗീരിക്കുന്നതിന്റെ ഭാഗമാണ്.

34) (അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽ അവർ ഉദ്ദേശിക്കുന്നതെന്തോ അതുണ്ടായിരിക്കും) പ്രതിഫലമായി. ഒരു കണ്ണും കാണാത്തത്, ഒരു കാതും കേൾക്കാത്തത്, ഒരു മനുഷ്യഹൃദയവും ഇതുവരെ ചിന്തിക്കാത്തത് അവർക്കുണ്ട്. അവരുടെ ഉദ്ദേശ്യത്തിന്നനുസരിച്ച് ഇതെല്ലാം നൽകപ്പെടും. വ്യത്യസ്തങ്ങളായ ആസ്വാദനങ്ങൾ അവർക്ക് ലഭിക്കും. അതെല്ലാം തയ്യാറാക്കപ്പെട്ടുകഴിഞ്ഞു. (അതത്രെ സദ്‌വൃത്തർക്കുള്ള പ്രതിഫലം).

അല്ലാഹുവിനെ കാണുന്നതുപോലെ ആരാധിക്കുന്നവരാണവർ, അവർ അവനെ കാണുന്നില്ലെങ്കിലും അവൻ അവരെ കാണുന്നു. (സദ്‌വൃത്തർ). അതെ അല്ലാഹുവിന്റെ ദാസന്മാർക്ക് നന്മ ചെയ്യുന്നവർ,


35). (അവർ പ്രവർത്തിച്ചതിൽനിന്ന് ഏറ്റവും ചീത്തയായതു പോലും അല്ലാഹു അവരിൽ നിന്ന് മായ്ച്ചുകളയും. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതനുസരിച്ച് അവർക്കവൻ പ്രതിഫലം നൽകുകയും ചെയ്യും) മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് മൂന്നു തലങ്ങളുണ്ട്. ഏറ്റവും നല്ലത്, ഏറ്റവും മോശമായത്, നല്ലതോ ചീത്തയോ അല്ലാ ത്തത്.

മൂന്നാമത്തേത് അനുവദനീയങ്ങളാണ്. പ്രതിഫലമോ ശിക്ഷയോ ഇല്ലാത്തത്. എല്ലാ തെറ്റുകളും ഏറ്റവും മോശമായതിൽ ഉൾപ്പെടുന്നു. നല്ലതിൽ എല്ലാ അനുസരണവും ആരാധനയും ഉൾപ്പെടുന്നു. ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വാക്യത്തിന്റെ അർഥവും വാക്കുകളും നമുക്ക് മനസ്സിലാക്കാം. (അവർ പ്രവർത്തിച്ചതിൽ ഏറ്റവും ചീത്തയായത് പോലും അവരിൽനിന്ന് അല്ലാഹു മായ്ച്ചുകളയും) അവരുടെ തക്‌വയും സുകൃതങ്ങളും നിമിത്തം അവരുടെ ചെറുദോഷങ്ങൾ അവർക്ക് പൊറുക്കും.

(അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതനുസരിച്ച് അവർക്കവൻ പ്രതിഫലം നൽകുകയും ചെയ്യും) എല്ലാ നന്മകൾക്കും.

إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٖۖ وَإِن تَكُ
حَسَنَةٗ يُضَٰعِفۡهَا وَيُؤۡتِ مِن لَّدُنۡهُ أَجۡرًا

'തീർച്ചയായും അല്ലാഹു ഒരണുവോളം അനീതി കാണിക്കുകയില്ല. വല്ല നന്മയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിപ്പിച്ച് കൊടുക്കുകയും അവന്റെ പക്കൽ നിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്' (4:40)



# കണ്ണിന്റെയും ചെവിയുടെയും രൂപപ്പെടൽ

ഡോ. ഷാനവാസ് യു.എസ്.എ
:94963 57979

മനുഷ്യന്റെ ഏറ്റവും സുപ്രധാനമായ രണ്ടു ജ്ഞാനേന്ദ്രിയങ്ങളാണ് (sensory organs) ചെവിയും കണ്ണും. ഒരു ഗർഭസ്ഥശിശുവിന് ഇവയുടെ രൂപപ്പെടൽ വളരെയധികം സങ്കീർണതകൾ നിറഞ്ഞതാണ്. ഗർഭസ്ഥശിശുവിന്റെ വളർച്ച ഏതാണ്ട് 3 ആഴ്ച പൂർത്തിയാകുമ്പോൾ (അല്ലെങ്കിൽ നാലാമത്തെ ആഴ്ച ആരംഭിക്കുമ്പോൾ) ആണ് അതിന് ചെവിയും കണ്ണും രൂപപ്പെടുന്നത്. അതായത് ഇവ ഏതാണ്ട് ഒരേ സമയത്താണ് രൂപപ്പെടുന്നത്.

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനും ആക്കിയിരിക്കുന്നു” (ക്വുർആൻ 76:2).

### ചെവിയുടെ രൂപപ്പെടൽ


മനുഷ്യന്റെ ചെവിക്ക് പ്രധാനമായും മൂന്നു ഭാഗങ്ങളുണ്ട്:


1. അകത്തെ ചെവി (inner ear).
2. പുറത്തെ ചെവി (external ear).
3. നടുവിലത്തെ ചെവി (middle ear).

ഇവയിൽ അകത്തെ ചെവിയാണ് ഏറ്റവുമാദ്യം രൂപപ്പെടുന്നത്. ഗർഭസ്ഥശിശുവിന്റെ വളർച്ച ഏതാണ്ട് 22 ദിവസം ആകുമ്പോഴേക്കും ഇവ രൂപപ്പെട്ടുവരുന്നു. ഗർഭസ്ഥശിശുവിന്റെ തലയുടെ രണ്ടു വശങ്ങളിലായി

"കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനും ആക്കിയിരിക്കുന്നു'' (ക്വുർആൻ 76:2).**

ചെവിയുടെ ഭാഗങ്ങൾ (parts of ear)





Pharyangeal arches & clefts

കാണപ്പെടുന്ന കട്ടികൂടിയ ഭാഗങ്ങളിൽനിന്നാണ് അകത്തെ ചെവി രൂപപ്പെടുന്നത്. അവയെ ചെവിയുടെ പ്ലക്കോഡുകൾ (otic placodes) എന്നു വിളിക്കുന്നു. ശേഷം ഇവയ്ക്ക് രൂപമാറ്റം വരികയും അവ ചെവിയുടെ ചെറിയ കുഴികളും (otic pits) വെസിക്കിളുകളും (otic vesicles) ആയി മാറുന്നു. ഈ വെസിക്കിളിൽ നിന്നും അകത്തെ ചെവിയുടെ മറ്റു ഭാഗങ്ങൾ രൂപപ്പെടുന്നു.

എന്നാൽ ചെവിയുടെ മറ്റു രണ്ടു ഭാഗങ്ങൾ രൂപപ്പെടുന്നത് തികച്ചും വ്യത്യസ്തമായാണ്. ഫാരിഞ്ചൽ ആർച്ചുകൾ (pharyngeal arches)എന്നും ഫാരിഞ്ചൽ ക്ലഫ്റ്റുകൾ (pharyngeal clefts) എന്നും അറിയപ്പെടുന്ന, ഗർഭസ്ഥശിശുവിന്റെ ഭാഗങ്ങളിൽനിന്നാണ് ഇവ യഥാക്രമം രൂപപ്പെടുന്നത്.

## കണ്ണിന്റെ രൂപപ്പെടൽ

ചെവിയെപ്പോലെ തന്നെ, കണ്ണ് രൂപപ്പെടുന്നതും ഗർഭസ്ഥശിശുവിന് ഏതാണ്ട് 3 ആഴ്ച പൂർത്തിയാകുമ്പോളാണ്. തലച്ചോറിന്റെ ഏറ്റവും മുൻഭാഗത്ത് കാണപ്പെടുന്ന വെസിക്കിൾസിൽ (optic vesicles) നിന്നാണ് കണ്ണിന്റെ സുപ്രധാന ഭാഗങ്ങൾ രൂപപ്പെടുന്നത്. ഈ വെസിക്കിൾസ് പിന്നീട് ഒപ്റ്റിക് കപ്പുകൾ (optic cups)ആയി രൂപം മാറ്റപ്പെടുന്നു. ഇതിൽനിന്നുമാണ് കണ്ണിന്റെ ഏറ്റവും സുപ്രധാന ഭാഗമായ റെറ്റിന (retina), സീലിയറി ബോഡികൾ (ciliary bodies), ഐറിസ് (iris) എന്നിവ രൂപപ്പെടുന്നത്.



## പ്രസവം

ഒരു ഗർഭസ്ഥശിശു ഏതാണ്ട് 40 ആഴ്ചയോളം മാതാവിന്റെ ഗർഭാശയത്തിൽ വളരുന്നു. പിന്നീട് പൂർണവളർച്ചയെത്തിയ ശിശുവായി ഗർഭാശയത്തിൽനിന്നും ഗർഭനാളിവഴി പുറത്തുവരുന്നു. ഈ പ്രക്രിയയെയാണ് പ്രസവം (parturition) എന്ന് പറയുന്നത്.

"...നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു..." (22:5).

ഗർഭസ്ഥശിശുവിന് പൂർണവളർച്ചയെത്തുന്നതോടുകൂടി ഗർഭാശയത്തിലെ പേശികൾ (uterine muscles)ചെറിയ രീതിയിൽ സങ്കോചിച്ചു തുടങ്ങും. ഈ സങ്കോചനം മാതാവിന്റെ തലച്ചോറിലുള്ള പിയൂഷഗ്രന്ഥിയെ (pituitary gland) ഉത്തേജിപ്പിക്കും. ഇതിന്റെ ഫലമായി, ഈ ഗ്രന്ഥിയിൽനിന്നും ഓക്സിറ്റോസിൻ (oxytocin) എന്ന് വിളിക്കുന്ന പ്രത്യേകമായ ഹോർമോൺ രക്തത്തിലേക്ക് സ്രവിക്കപ്പെടുന്നു. ഈ ഓക്സിറ്റോസിൻ ഹോർമോൺ ഗർഭാശയഭിത്തിയുടെ (uterine myometrium) സങ്കോചനം വർധിപ്പിക്കുന്നു. സങ്കോചനത്തിലുള്ള വർധനവ് വീണ്ടും പിയൂഷഗ്രന്ഥിയെ ഉത്തേജിപ്പി ക്കുകയും അതിന്റെ ഫലമായി കൂടുതൽ ഹോർമോൺ ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ശിശു പുറത്ത് എത്തുന്നതുവരെ ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കും. ഗർഭാശയ പേശിയുടെ ഈ സങ്കോചനമാണ് പ്രസവവേദനയായി അനുഭവപ്പെടുന്നത്. മേൽപ്പറഞ്ഞ പ്രകാരം പ്രസവസമയത്ത് സങ്കോചനം (contraction) വർധിച്ചുകൊണ്ടിരിക്കുന്നതിനാൽ പ്രസവവേദനയും വർധിച്ചുകൊണ്ടിരിക്കും. ഗർഭാശയത്തിന്റെ മുകളിൽനിന്നും താഴോട്ടാണ് സങ്കോചനമുണ്ടാകുന്നത്. ഇത് ഗർഭസ്ഥശിശുവിനെ ഗർഭാശയനാളിയിലൂടെ ഗർഭാശയത്തിൽനിന്നും പുറത്തെത്താൻ സഹായിക്കുന്നു.

പ്രസവത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. അവ താഴെ വിശദീകരിക്കുന്നു:

### ഒന്നാം ഘട്ടം

ഗർഭാശയ സങ്കോചം തുടങ്ങിയതു മുതൽ ഗർഭാശയമുഖം (cervix) പൂർണമായും വികസിക്കുന്നതു വരെയുള്ള സമയമാണിത്. പ്രസവവേദനയുമായി ഒരു ഗർഭിണി പ്രസവവിദഗ്ധന്റെ (obsterician) അടുത്ത് ചെല്ലുമ്പോൾ ഗർഭാശയമുഖത്തിന്റെ വികസനം എത്രയുണ്ട് എന്നതാണ് പ്രധാനമായും പരിശോധിക്കുക. ഗർഭാശയമുഖത്തിന്റെ വികസനത്തിന്റെ അളവനുസരിച്ച് ആ ഗർഭിണി എത്ര സമയംകൊണ്ട് പ്രസവിക്കും എന്ന ഒരു ധാരണ ഡോക്ടർക്ക് ഉണ്ടാകുന്നു. ഗർഭാശയമുഖം പൂർണമായും വികസിച്ചിട്ടുണ്ടെങ്കിൽ ആ സ്ത്രീ ഉടനെത്തന്നെ പ്രസവിക്കുമെന്നർഥം.

### രണ്ടാം ഘട്ടം

ഗർഭാശയമുഖം പൂർണമായി വികസിച്ചതുമുതൽ ശിശു പുറത്തുവരുന്നതുവരെയുള്ള സമയമാണിത്. ആദ്യമായി ഗർഭം ധരിക്കുന്ന സ്ത്രീകളിൽ ഈ ഘട്ടത്തിന് കൂടുതൽ സമയമെടുക്കുന്നു. എന്നാൽ ഒന്നിലധികം പ്രാവശ്യം ഗർഭധാരികളായ സ്ത്രീകളിൽ ഈ ഘട്ടം വളരെ പെട്ടെന്നുതന്നെ പൂർത്തിയാകുന്നു. ഈ ഘട്ടം പെട്ടെന്നാകാൻ വേണ്ടി യോനിയുടെയും മലദ്വാരത്തിന്റെയും ഇടയിലുള്ള ഭാഗത്ത് ചെറിയ മുറിവ് ഉണ്ടാക്കുന്നു. ഈ പ്രക്രിയ പ്രസവം കൂടുതൽ എളുപ്പമാക്കുന്നു.

### മൂന്നാം ഘട്ടം

ശിശു പുറത്തുവന്നതുമുതൽ, മറുപിള്ള (placenta) ഗർഭാശയത്തിൽനിന്നും പുറന്തള്ളപ്പെടുന്നതു വരെയുള്ള സമയമാണിത്.

### പ്രസവാനന്തരമുള്ള അമിതമായ രക്തസ്രാവം

ഗർഭകാലഘട്ടത്തിൽ വികസിച്ച ഗർഭാശയം, പ്രസവശേഷം മിനിറ്റുകൾ കൊണ്ട് ചുരുങ്ങുകയും നല്ല കട്ടിയുള്ള ഒരു ക്രിക്കറ്റ് പന്തുപോലെയാകുകയും ചെയ്യുന്നു. ഇപ്രകാരം ഗർഭാശയം ചുരുങ്ങുന്നതിന്റെ ഫലമായി അവയിലെ രക്തക്കുഴലുകളും ചുരുങ്ങുന്നു. ഇതിന്റെ ഫലമായി ഈ രക്തക്കുഴലുകളിൽ നിന്നുമുള്ള അമിതമായ രക്തസ്രാവം തടയപ്പെടുന്നു.

എന്നാൽ ചില സ്ത്രീകളിൽ പ്രസവാനന്തരം ഗർഭാശയത്തിന്റെ ചുരുക്കം തടസ്സപ്പെടുന്നു. അതിന്റെ ഫലമായി അവയിലെ രക്തക്കുഴലുകളും വികസിച്ചുതന്നെ നിൽക്കുന്നു. അതിനാൽ ഈ രക്തക്കുഴലുകളിൽ നിന്നും അമിതമായ രക്തസ്രാവമുണ്ടാകുന്നു. ഈ രക്തസ്രാവം പെട്ടെന്നുതന്നെ ശസ്ത്രക്രിയവഴി നിയന്ത്രിച്ചില്ലെങ്കിൽ മിനിറ്റുകൾക്കിടയിൽ മാതാവിന്റെ മരണത്തിന് കാരണമാകുന്നു.

### പ്രസവ തടസ്സം

വ്യത്യസ്ത കാരണങ്ങളാൽ ഗർഭാശയനാളിയിലൂടെയുള്ള ശിശുവിന്റെ സഞ്ചാരത്തിന് തടസ്സം നേരിട്ടേക്കാം. ഇതിന്റെ ഫലമായി പ്രസവം തടസ്സപ്പെടുകയോ, പ്രസവസമയം ദീർഘിക്കുകയോ ചെയ്യാം. ഇത് മാതാവിന്റെയും കുഞ്ഞിന്റെയും ജീവൻ അപകടത്തിലാവാൻ കാരണമായേക്കാം. ഗർഭാശയത്തിന്റെ ശക്തികുറഞ്ഞ സങ്കോചനം, കുട്ടിയുടെ തലയും മാതാവിന്റെ ഇടുപ്പും (pelvis) തമ്മിലുള്ള വലിപ്പവ്യത്യാസം തുടങ്ങിയവയാണ് പ്രസവ തടസ്സത്തിനുള്ള പ്രധാന കാരണങ്ങൾ.

ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേക ഉപകരണങ്ങളുടെ സഹായത്തോടുകൂടിയോ, പ്രത്യേക മരുന്നുകൾ ഉപയോഗിച്ചോ അല്ലെങ്കിൽ അടിയന്തിര പ്രസവശസ്ത്രക്രിയ (emergency caesarean section) നടത്തിയോ പ്രസവം വേഗത്തിലാക്കുകയാണ് ചെയ്യുക. ■



ലേഖനം

വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 40

# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 07

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

### മനഃസാക്ഷി-മതസ്വാതന്ത്ര്യവും 25ാം അനുച്ഛേദവും

ശിരോവസ്ത്ര സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന പെൺകുട്ടികളുടെ അഭിഭാഷകർ ഉയർത്തിപ്പിടിച്ചിരുന്ന മൂന്നാമത്തെ വിഷയം ഭരണഘടനയുടെ 25ാം അനുച്ഛേദം പൗരന് നൽകിയിട്ടുള്ള മനഃസാക്ഷിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള സ്വാതന്ത്ര്യമായിരുന്നു. ജസ്റ്റിസ് ഹേമന്ദ് ഗുപ്ത ഇനി പരിശോധിക്കുന്നത് ഈ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ ശിരോവസ്ത്രം അനുവദിക്കാമോ എന്നാണ്. ശിരോവസ്ത്രം അനുവദിക്കരുതെന്ന സർക്കാർ തിട്ടൂരത്തിന് അനുകൂലമായ വിധി നൽകുന്ന അദ്ദേഹത്തെ സംബന്ധിച്ച് ഈ അനുച്ഛേദത്തെ എങ്ങനെ സർക്കാറിന് അനുകൂലമാക്കി മാറ്റാൻ സാധിക്കുമെന്ന ചിന്ത മാത്രമായിരുന്നു മുന്നിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അതിനനുസൃതമായ വ്യാഖ്യാനങ്ങൾ മാത്രമാണ് അദ്ദേഹം വിധിന്യായത്തിൽ നൽകിയിട്ടുള്ളത്.

### എന്താണ് അനുച്ഛേദം 25?

Freedom of conscience and free profession, and propagation of religion എന്നാണ് ഈ അനുച്ഛേദത്തിന്റെ തലക്കെട്ട്. അഥവാ 'മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചാരണത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം.'

ഈ തലക്കെട്ടിനു താഴെ എന്താണ് ഭരണഘടനയിൽ എഴുതിവെച്ചിട്ടുള്ളത് എന്ന് പരിശോധിക്കാം:

1) പൊതുസമാധാനത്തിനും സാന്മാർഗികതക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി എല്ലാ ആളുകളും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശത്തിനും ഒരുപോലെ അവകാശമുള്ളവരാകുന്നു.

2) ഈ അനുച്ഛേദത്തിലെ യാതൊന്നും (a) മതാചാരണത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതപരമായ മറ്റേതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ, (b) സാമൂഹ്യക്ഷേമത്തിനും സാമൂഹ്യപരിഷ്കരണത്തിനും അല്ലെങ്കിൽ പൊതുസ്വഭാവമുള്ള ഹിന്ദുമത സ്ഥാപനങ്ങൾ എല്ലാ ഇനത്തിലും വിഭാഗത്തിലും പെട്ട ഹിന്ദുക്കൾക്ക് തുറന്നുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതോ ആയ, നിലവിലുള്ള നിയമത്തിന്റെ ഏതെങ്കിലും പ്രവർത്തനത്തെ

> **സമത്വം എന്ന ആശയം സുന്ദരമാണെങ്കിലും സ്വാതന്ത്ര്യമില്ലാത്ത സമത്വം എന്ന ആശയം പൊള്ളയാണ് എന്നാണ് അംബേദ്കർ പറഞ്ഞതായി അഭിഭാഷകർ ഉയർത്തിക്കാട്ടിയ ഒരു പോയിന്റ്. അതായത് എല്ലാവരെയും സമത്വവത്കരിക്കുക എന്നതിലൂടെ ഒരു പ്രദേശത്തിന്റെ സൗന്ദര്യം വർധിപ്പിക്കാൻ ഒരുപക്ഷേ, സാധിച്ചേക്കാമെങ്കിലും അടിച്ചേൽപിക്കലിലൂടെ അത് നടപ്പാക്കുമ്പോൾ അതൊരു വൈകൃതമായി മാത്രമെ അനുഭവപ്പെടുകയുള്ളൂ എന്ന് സാരം. നമ്മുടെ ജനാധിപത്യം കേവലം രാഷ്ട്രീയ ജനാധിപത്യമല്ല, മറിച്ച് അതൊരു സാമൂഹിക ജനാധിപത്യമാണ്** (Social Democracy)) **എന്നായിരുന്നു അംബേദ്കറുടെ വാദം.**

ബാധിക്കുകയോ അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമിക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല.

വിശദീകരണം 1) കൃപാണുകൾ ധരിക്കുന്നതും കൊണ്ടുനടക്കുന്നതും സിക്കുമത വിശ്വാസത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതാണ്.

വിശദീകരണം 2) 2ാം ഖണ്ഡത്തിലെ (b) ഉപഖണ്ഡത്തിൽ ഹിന്ദുക്കളെ പറ്റിയുള്ള പരാമർശത്തിൽ സിഖ് മതത്തിലോ ജൈനമതത്തിലോ ബുദ്ധമതത്തിലോ വിശ്വസിക്കുന്ന ആളുകളും ഉൾപ്പെടും.

### 25ാം അനുച്ഛേദം ഒരു അപഗ്രഥനം

ഒരു വ്യക്തിയുടെ അഭിപ്രായം രൂപപ്പെടുന്നത് രണ്ടു വിധേനയാവാം. ഒന്ന് സ്വന്തം ചിന്തയുടെ അടിസ്ഥാനത്തിൽ. അതിനെ മനഃസാക്ഷി (Conscience) എന്ന് വിളിക്കുന്നു. മറ്റൊന്ന് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ. അതിനെ മതം (Religion) എന്നും വിളിക്കുന്നു. ഏതു വിധേനയായിരുന്നാലും വിശ്വാസത്തിന് മാത്രമല്ല, ആചാരണത്തിനും പ്രസ്തുത വിശ്വാസവും ആചാരണവും പ്രചരിപ്പിക്കുന്നതിനും ഒരു പൗരന് അവകാശമുണ്ട് എന്നാണ് ഈ അനുച്ഛേദത്തിന്റെ ആകെത്തുക. എന്നാൽ ഇവ പൊതുസമാധാനത്തിനും സാന്മാർഗികതക്കും ആരോഗ്യത്തിനും കോട്ടംതട്ടുന്ന വിധത്തിലാവാൻ പാടില്ല. സിഖുകാർക്ക് കൃപാൺ ഉപയോഗിക്കാൻ പ്രത്യേക അനുമതിയാണ് ഭരണഘടന നൽകിയിട്ടുള്ളത്. കാരണം അത് പൊതുസമാധാനത്തിനോ ആരോഗ്യത്തിനോ കോട്ടംതട്ടാൻ സാധ്യതയുള്ള വസ്തുവാണ്. അതുകൊണ്ട് അതിന് പ്രത്യേക അനുമതി വേണം. അതുകൊണ്ടാണ് അക്കാര്യം ഭരണഘടനയിൽ പ്രത്യേകമായി എഴുതിവെച്ചിട്ടുള്ളത്. ശിരോവസ്ത്രം ഉപയോഗിക്കുന്ന വ്യക്തിക്കോ മറ്റുള്ളവർക്കോ അവരുടെ സമാധാനത്തിനോ ആരോഗ്യത്തിനോ അവരുൾക്കൊള്ളുന്ന സാന്മാർഗികതക്കോ യാതൊരു പോറലും ഏൽപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ അടിസ്ഥാനപരമായി ശിരോവസ്ത്രം പൊതുയിടങ്ങളിൽ ധരിക്കുന്നത് ഭരണഘടനയനുസരിച്ച് കുറ്റകരമല്ല എന്ന് മാത്രമല്ല, അതവരുടെ അവകാശംകൂടിയായി മാറുന്നു.

വിശ്വാസത്തിന്റെയും മനഃസാക്ഷിയുടെയും അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ ആചരിക്കുന്നതും പ്രചരിപ്പിക്കുന്നതും നിയന്ത്രിക്കുവാൻ ഒരു സർക്കാറിന് നിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന സാഹചര്യങ്ങളാണ് 25(2) വ്യക്തമാക്കുന്നത്. സംസ്ഥാനത്തെ ബാധിക്കുന്ന വിധത്തിലുള്ള സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഘടകങ്ങൾ ഉണ്ടെങ്കിൽ മാത്രമാണ് അത്തരം കാര്യങ്ങളിൽ സർക്കാറിനോ പൊലീസിനോ ഇടപെടാൻ അനുമതിയുള്ളത്. പിന്നീടു പറഞ്ഞ കാര്യങ്ങൾ അഥവാ 25 2(b)യിലെ കാര്യങ്ങൾ ഹൈന്ദവ, സിഖ്, ബുദ്ധ, ജൈന വിഭാഗങ്ങളെ മാത്രം ബാധിക്കുന്നവയാണ്.

ശിരോവസ്ത്രം മതനിയമമായിരുന്നാലും അല്ലെങ്കിലും ഒരാൾ അത് ധരിക്കുന്നത് അയാളുടെ വ്യക്തിപരമായ വസ്ത്ര സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. മുകളിൽ പറഞ്ഞ ക്രമസമാധാനം, സാന്മാർഗികത, ആരോഗ്യം, സാമ്പത്തികം, ധനപരം, രാഷ്ട്രീയം തുടങ്ങിയ യാതൊരു ഘടകവും അതിനെ സ്വാധീനിക്കുന്നില്ല. തികച്ചും നിരുപദ്രവകരമായ ഒരു വേഷം എന്ന നിലയ്ക്ക് മനഃസാക്ഷിക്ക് അനുസരിച്ചും മതം അനുസരിച്ചും അത് പൗരന്റെ മൗലികാവകാശമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതിൽ ഭരണകൂടത്തിന് ഇടപെടേണ്ട യാതൊരു സാഹചര്യവും നിലനിൽക്കുന്നില്ല.

### എന്താണ് ഹേമന്ദ് ഗുപ്ത പറയുന്നത്?

മതം, മനഃസാക്ഷി തുടങ്ങിയ വിഷയങ്ങളിൽ പൗരന്റെ മൗലികാവകാശമാണ് പ്രധാനമെന്നും ഭരണകൂടങ്ങൾക്ക് അത് നിയന്ത്രിക്കുവാൻ അവകാശമില്ലെന്നുമുള്ള വാദങ്ങൾ അഭിഭാഷകർ നിരത്തിയത് കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ അംഗങ്ങളുടെ പ്രഭാഷണങ്ങളുടെ അടിസ്ഥാനത്തിലാണെന്നും എന്നാൽ അസംബ്ലിയിലെ പ്രഭാഷണങ്ങൾ തെളിവല്ലെന്നും അസംബ്ലി ഏകോപിച്ച് എടുത്ത തീരുമാനങ്ങൾ മാത്രമാണ് പരിഗണിക്കാൻ സാധിക്കുക എന്നുമെല്ലാമാണ് ജസ്റ്റിസ് ഗുപ്തയുടെ ന്യായവാദങ്ങൾ. അദ്ദേഹം ഈ പറഞ്ഞതിനോട് ആർക്കും വിയോജിപ്പുണ്ടാവേണ്ട കാര്യമില്ല. എന്നാൽ ഓരോ അനുച്ഛേദവും ഭരണഘടനയിൽ ഉൾക്കൊള്ളിക്കുമ്പോൾ ഭരണഘടനാ ശിൽപിയായ ഡോ.ബി.ആർ.അംബേദ്കറെ പോലുള്ളവർ പറയുന്ന കാര്യങ്ങൾക്ക് പ്രസക്തിയും പ്രാമുഖ്യവുമുണ്ട് എന്ന കാര്യം വിസ്മരിക്കാവതല്ല. അതുമാത്രമാ

ണ് അഭിഭാഷകർ ചൂണ്ടിക്കാട്ടിയത്. അഭിഭാഷകർ ചൂണ്ടിക്കാട്ടിയ കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ ചില പ്രസക്തമായ ഭാഗങ്ങൾ താഴെ ചേർക്കുന്നു:

### ഡോ.ബി.ആർ.അംബേദ്കർ അസംബ്ലിയിൽ പറഞ്ഞത്

സമത്വം എന്ന ആശയം സുന്ദരമാണെങ്കിലും സ്വാതന്ത്ര്യമില്ലാത്ത സമത്വം എന്ന ആശയം പൊള്ളയാണ് എന്നാണ് അംബേദ്കർ പറഞ്ഞതായി അഭിഭാഷകർ ഉയർത്തിക്കാട്ടിയ ഒരു പോയിന്റ്. അതായത് എല്ലാവരെയും സമത്വവത്കരിക്കുക എന്നതിലൂടെ ഒരു പ്രദേശത്തിന്റെ സൗന്ദര്യം വർധിപ്പിക്കാൻ ഒരുപക്ഷേ, സാധിച്ചേക്കാമെങ്കിലും അടിച്ചേൽപിക്കലിലൂടെ അത് നടപ്പാക്കുമ്പോൾ അതൊരു വൈകൃതമായി മാത്രമെ അനുഭവപ്പെടുകയുള്ളൂ എന്ന് സാരം. നമ്മുടെ ജനാധിപത്യം കേവലം രാഷ്ട്രീയ ജനാധിപത്യമല്ല, മറിച്ച് അതൊരു സാമൂഹിക ജനാധിപത്യമാണ് (Social Democracy)) എന്നായിരുന്നു അംബേദ്കറുടെ വാദം. അദ്ദേഹം ഒന്നുകൂടി വ്യക്തമാക്കുന്നത് ഇങ്ങനെ: 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂന്ന് ഘടകങ്ങളെയും അംഗീകരിക്കുക എന്നതാണ് സാമൂഹിക ജനാധിപത്യത്തിന്റെ അടിസ്ഥാനം. ഇതിലെ ഏതെങ്കിലും ഒന്നിനെ ഒഴിവാക്കുന്നതിലൂടെ ജനാധിപത്യത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളെ തുരങ്കം വെക്കലായിരിക്കും അത്. സ്വാതന്ത്ര്യമില്ലാത്ത ജനാധിപത്യം വ്യക്തികളുടെ അവകാശങ്ങളെ ഇല്ലാതാക്കും' (25.11.1949,- Constituent Assembly Debates, Volume XI, Page 979).

### സർദാർ വല്ലഭായ് പട്ടേലിന്റെ അഭിപ്രായം

"ന്യൂനപക്ഷങ്ങളെ തിടുക്കത്തിൽ ഒരു പ്രത്യേക സ്ഥാനത്തേക്ക് പ്രതിഷ്ഠിക്കാൻ ഞങ്ങൾക്ക് ഉദ്ദേശ്യമില്ല. രാജ്യം പുതിയ ഒരു അവസ്ഥയിലേക്ക് മാറുമ്പോൾ എല്ലാവരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു മതേതര രാഷ്ട്രമാവുകയാണ് വേണ്ടത്. ഇങ്ങനെയുള്ള സാഹചര്യത്തിലേ, ന്യൂനപക്ഷത്തിന് ഭൂരിപക്ഷത്തിനുമേൽ വിശ്വാസം അർപ്പിക്കാൻ സാധിക്കൂ. അതുപോലെതന്നെ ഭൂരിപക്ഷവിഭാഗം ചിന്തിക്കേണ്ടത് ഇപ്പോഴത്തെ ന്യൂനപക്ഷത്തിന്റെ അവസ്ഥയിൽ അവർ എത്തിപ്പെട്ടാൽ എന്തായിരിക്കും അവരുടെ അവസ്ഥ എന്നാണ്" (25.5.1949 - Advisory Committee on Minorities by the Constituent Assembly).

### പണ്ഡിറ്റ് ലക്ഷ്മികാന്ത മൈത്ര വ്യക്തമാക്കിയത്

മതേതരരാഷ്ട്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, മതത്തിന്റെയോ സമുദായത്തിന്റെയോ അടിസ്ഥാനത്തിൽ, ഒരാൾ പ്രത്യേക വിശ്വാസം സ്വീകരിക്കുന്നുവെങ്കിൽ അയാൾക്കെതിരെ ഭരണകൂടം യാതൊരു വിവേചനവും കാണിക്കാൻ പാടില്ല എന്നാണ്. രാജ്യത്തെ ഒരു മതത്തിനും പ്രത്യേകമായ ഒരു മേൽകോയ്മയും ലഭിക്കില്ല എന്നാണ് ഇതിനർഥം. രാജ്യം ഒരു പ്രത്യേക മതം സ്ഥാപിക്കുകയോ സംരക്ഷിക്കുകയോ മറ്റുള്ളവരെ ഒഴിവാക്കുകയോ മുൻഗണന നൽകുകയോ ചെയ്യില്ല എന്ന് സാരം. ഭരണകൂട കാര്യങ്ങളിൽ ഒരു പ്രത്യേക മതത്തിന്റെയും അവകാശവാദങ്ങൾ പരിഗണിക്കപ്പെടുകയില്ല" (6.12.1948, അനുച്ഛേദം 25ന്റെ ചർച്ചാവേളയിൽ).

### തജമ്മുൽ ഹുസൈന്റെ ഭേദഗതി

ബീഹാറിൽനിന്നുള്ള ഒരു നിയമജ്ഞനായിരുന്നു തജമ്മുൽ ഹുസൈൻ. കോൺഗ്രസ് അംഗമായിരുന്ന അദ്ദേഹം കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ ഒരു അംഗമായിരുന്നു. ഒരു പുരോഗമനവാദിയായിരുന്ന അദ്ദേഹം മതപരമായ ചിട്ടകൾ പുലർത്തിയിരുന്നില്ല. അദ്ദേഹം മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസാരിക്കവെ ഒരു ഭേദഗതി കൊണ്ടുവന്നിരുന്നു. മതപരമായ ആചാരങ്ങൾക്കോ വേഷങ്ങൾക്കോ ഒരു പരിഗണനയും നൽകരുത് എന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. മതം വ്യക്തമാവുന്ന ഒരു വേഷവും ഒരാളും ധരിക്കരുത് എന്നായിരുന്നു അദ്ദേഹത്തിന്റെ ഭേദഗതി. എന്നാൽ ഈ ഭേദഗതി അസംബ്ലി തള്ളിക്കളഞ്ഞു. തജമ്മുൽ ഹുസൈന്റെ ഭേദഗതി തള്ളപ്പെട്ടതിൽനിന്നും പൊതുയിടങ്ങളിൽ മതവേഷം ധരിച്ച് പ്രത്യക്ഷപ്പെടുന്നതിനെ തടയാനാവില്ല എന്നാണ് മനസ്സിലാക്കേണ്ടത് എന്ന് അഡ്വ.ദേവദത്ത് കാമത്ത് അടക്കമുള്ള അഭിഭാഷകർ വാദിച്ചിരുന്നു.

കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ അഭിപ്രായങ്ങൾ പരിഗണിക്കുകയാണെങ്കിൽ തജമ്മുലിന്റെയും അഭിപ്രായം പരിഗണിക്കേണ്ടതില്ലേ എന്നാണ് ഹേമന്ദ് ഗുപ്ത ചോദിക്കുന്നത്. മാത്രവുമല്ല, എ.കെ.ഗോപാലൻ-സ്റ്റേറ്റ് ഓഫ് മദ്രാസ് കേസിലും സ്റ്റേറ്റ് ഓഫ് ട്രാവൻകൂർ കൊച്ചിൻ-ബോംബേ കമ്പനി ആലപ്പി കേസിലും ഇന്ദ്രാ സാഹ്നി-യൂണിയൻ ഓഫ് ഇന്ത്യ കേസിലും കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ വാദങ്ങൾ തെളിവായി ഉദ്ധരിക്കാൻ പാടില്ലെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിരിക്കുന്നുവെന്നും ഹേമന്ദ് ഗുപ്ത പറയുന്നു.

എന്നാൽ കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ മഹത്തുക്കളുടെ അഭിപ്രായങ്ങൾ അഭിഭാഷകർ ഉന്നയിച്ചത് അനുച്ഛേദം 25ൽ പറയുന്ന മതസ്വാതന്ത്ര്യംകൊണ്ട് രാഷ്ട്രശിൽപികൾ എന്താണ് ഉദ്ദേശിച്ചത് എന്ന് സമർഥിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു. കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിലെ പ്രസംഗങ്ങൾ തെളിവായി ഉദ്ധരിക്കുകയായിരുന്നില്ല. എന്നാൽ ജസ്റ്റിസ് ഹേമന്ദ് ഗുപ്ത രാഷ്ട്രശിൽപികൾ പറഞ്ഞ കാര്യങ്ങളെ കുറിച്ച് യാതൊന്നും പറയാതെ അതൊന്നും ഇക്കാര്യത്തിൽ തെളിവല്ല എന്ന് മാത്രം പറഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

*അടുത്ത ലക്കത്തിൽ:*
*മതസ്വാതന്ത്ര്യവും വിവിധ കേസുകളും*




# സ്വർഗത്തെക്കാൾ ശ്രേഷ്ഠമായ അനുഗ്രഹം!

ആസിഫ് അൽ ഹികമി, ഈരാറ്റുപേട്ട

സജ്ജനങ്ങൾക്ക് അവരുടെ ശാശ്വത ജീവിതത്തിനായി പരലോകത്ത് സജ്ജീകരിക്കപ്പെട്ടതാണ് സ്വർഗം. നശ്വരമായ ഐഹിക ജീവിതത്തിൽ നാം അനുഭവിക്കുന്ന സുഖാനുഭൂതികൾ എത്ര മികച്ചതായി തോന്നിയാലും പാരത്രിക ജീവിതത്തിലെ സ്വർഗീയ സൗഭാഗ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാം നിസ്സാരം തന്നെയാണ്.

അല്ലാഹു പറഞ്ഞതായി, പ്രവാചകൻ(സ്വ) അറിയിക്കുന്നു: "എന്റെ സജ്ജനങ്ങളായ അടിയാന്മാർക്കുവേണ്ടി ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു കാതും കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യഹൃദയത്തിനും വിഭാവന ചെയ്യാൻ സാധിക്കാത്തതുമായ വസ്തുക്കൾ ഞാൻ ഒരുക്കിവെച്ചിരിക്കുന്നു." പിന്നീട് അവിടുന്ന് ഈ സൂക്തം പാരായണം ചെയ്തു: "എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കി വെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല" (ക്വുർആൻ 32:17) (ബുഖാരി, മുസ്‌ലിം).

ആ സുഖാനുഭൂതികളുടെ സ്വർഗത്തെ കണക്കാക്കാൻ ജഗന്നിയന്താവിനല്ലാതെ സാധ്യമല്ല. എന്നാൽ സ്വർഗാവകാശികൾക്ക് അതിനെക്കാൾ ശ്രേഷ്ഠമായ രണ്ട് അനുഗ്രഹങ്ങൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്.

ഒന്ന്, റബ്ബിന്റെ തിരുമുഖം ദർശനം. രണ്ട്, റബ്ബിന്റെ തൃപ്തി.

ഈ രണ്ട് അനുഗ്രഹങ്ങൾ മുഖേനയാണ് സ്വർഗവാസികളുടെ ജീവിതം സൗഭാഗ്യപൂർണമാകുന്നതും സംതൃപ്തിയടയുന്നതും.

പ്രഗത്ഭ പണ്ഡിതനായ ഇമാം സഅ്ദി(റഹി) ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ 'വ രിദ്‌വാനുമ്മിനല്ലാഹി അക്ബർ' എന്ന ആയത്ത് വിശദീകരിക്കവെ രേഖപ്പെടുത്തിയ ചില വിലപ്പെട്ട വാചകങ്ങൾ കാണാം:

"അല്ലാഹുവിന്റെ പ്രീതി സ്വർഗക്കാരുടെ മേൽ ഇറങ്ങും. അവർ ആസ്വദിച്ചുകൊണ്ടിരുന്ന അനുഗ്രഹത്തെക്കാൾ വലുതാണത്. അവർക്ക് സ്വർഗത്തിൽ ലഭിച്ചിരുന്ന എന്തൊക്കെ അനുഗ്രഹങ്ങളുണ്ടോ അതെല്ലാം റബ്ബിനെ ദർശിക്കുന്നതിലൂടെയും റബ്ബിന്റെ തൃപ്തി മുഖേനയുമല്ലാതെ

നന്നാവുകയില്ല. കാരണം റബ്ബിനെ മാത്രം ആരാധിച്ചവരും സ്നേഹിച്ചവരും എത്തിപ്പെടാൻ ആഗ്രഹിച്ചതും മുന്നിൽ കണ്ടതുമായ ഏറ്റവും വലിയ ലക്ഷ്യം എന്നത് ആകാശഭൂമികളുടെ രക്ഷിതാവായ റബ്ബിന്റെ പ്രീതിയാണ്. അതാണ് സ്വർഗാനുഭൂതികളെക്കാൾ അത്യുന്നതവും.''

ഇതു സംബന്ധിച്ച് പ്രമാണങ്ങളിൽ പറയുന്നത് കാണാം:

**അല്ലാഹുവിനെ ദർശിക്കൽ**

അല്ലാഹു പറയുന്നു: "കണ്ണുകൾ അവനെ കണ്ടെത്തുകയില്ല, കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും...'' (6:103).

ചില യുക്തി ന്യായങ്ങളെ മുൻനിർത്തി പരലോകത്തുവെച്ച് സൃഷ്ടികൾക്ക് അല്ലാഹുവിനെ കാണുവാൻ സാധ്യമല്ലെന്ന് വാദിക്കുന്ന മുഅ്തസിലീ കക്ഷിക്കാർ ഈ വചനം തങ്ങൾക്കുള്ള തെളിവായി ഉദ്ധരിക്കാറുണ്ട്. വാസ്തവത്തിൽ സത്യവിശ്വാസികൾക്ക് പരലോകത്തുവെച്ച് അല്ലാഹുവിനെ കാണുവാനുള്ള മഹാഭാഗ്യം സിദ്ധിക്കുമെന്ന് ക്വുർആനിൽ തന്നെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

"ചില മുഖങ്ങൾ പ്രസന്നതയുള്ളതും അവയുടെ രക്ഷിതാവിന്റെ നേരെ ദൃഷ്ടി തിരിച്ചവയുമായിരിക്കും'' (75: 22, 23).

അതായത്, സന്തോഷത്താൽ സജ്ജനങ്ങളുടെ മുഖങ്ങൾ പ്രസന്നതയുള്ളതായിത്തീരുകയും അല്ലാഹുവിനെ ദർശിക്കുകയെന്ന മഹാഭാഗ്യം അവർക്ക് ലഭിക്കുകയും ചെയ്യും.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ദീർഘമായ ഒരു ഹദീസിൽ ഇങ്ങനെ കാണാം: "ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, നാം അന്ത്യനാളിൽ നമ്മുടെ റബ്ബിനെ കാണുമോ?' അപ്പോൾ നബി (സ) പറഞ്ഞു: 'മേഘാവൃതമല്ലാത്തപ്പോൾ സൂര്യനെയും ചന്ദ്രനെയും കാണുന്നതിൽ നിങ്ങൾക്ക് വിഷമം നേരിടുമോ?' അവർ പറഞ്ഞു: 'ഇല്ല.' തിരുമേനി പറഞ്ഞു:

> **സജ്ജനങ്ങൾക്ക് അവരുടെ ശാശ്വത ജീവിതത്തിനായി പരലോകത്ത് സജ്ജീകരിക്കപ്പെട്ടതാണ് സ്വർഗം. നശ്വരമായ ഐഹിക ജീവിതത്തിൽ നാം അനുഭവിക്കുന്ന സുഖാനുഭൂതികൾ എത്ര മികച്ചതായി തോന്നിയാലും പാരത്രിക ജീവിതത്തിലെ സ്വർഗീയ സൗഭാഗ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാം നിസ്സാരം തന്നെയാണ്.**

'അപ്രകാരം, നിശ്ചയമായും നിങ്ങൾ നിങ്ങളുടെ റബ്ബിനെ വഴിയെ കാണുന്നതാണ്.'

അല്ലാഹു പറയുന്നു: "അവർക്കവിടെ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും. നമ്മുടെ പക്കലാകട്ടെ കൂടുതലായി പലതുമുണ്ട്'' (50:35).

'നമ്മുടെ പക്കലാവട്ടെ കൂടുതലായി പലതുമുണ്ട്' എന്നതിന്റെ വിശദീകരണത്തിൽ ഇമാം ബഗവി (റഹ്) പറയുന്നു: "കൂടുതലായി എന്നതുകൊണ്ടുള്ള വിവക്ഷ അവർ ചിന്തിക്കുന്നതിനപ്പുറം തങ്ങൾക്ക് ലഭിക്കുന്ന സ്വർഗീയ അനുഗ്രഹത്തിലുള്ള വർധനവാണ്. ഈ വർധനവ് കൊണ്ടുള്ള ഉദ്ദേശ്യം റബ്ബിന്റെ തിരുമുഖത്തേക്കുള്ള ദർശനമാണെന്ന് അനസ്(റ), ജാബിർ(റ) എന്നിവർ പറയുന്നു.''

അല്ലാഹു പറയുന്നു: "തീർച്ചയായും അവർ അന്നേദിവസം അവരുടെ രക്ഷിതാവിൽനിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു'' (83:15).

ഈ ആയത്തുമായി ബന്ധപ്പെട്ട് ഇമാം ഇബ്നു ഹജർ (റഹ്) ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തി: "ഇമാം മാലികിനോട് ചോദിക്കപ്പെട്ടു: 'അവയുടെ രക്ഷിതാവിന്റെ നേരെ ദൃഷ്ടി തിരിച്ചവയുമായിരിക്കും' (ഇലാ റബ്ബിഹാ നാദിറ) എന്ന വചനത്തെ കുറിച്ച് ചിലർ പറയുന്നു; ഇതിന്റെ ഉദ്ദേശ്യം 'ഇലാ സവാബിഹി' (പ്രതിഫലത്തിലേക്ക്) എന്നാണെന്ന്.' ഇമാം മാലിക്(റഹ്) പറഞ്ഞു: 'അവർ പറഞ്ഞത് കളവാണ്. അല്ലാഹു പറഞ്ഞ 'തീർച്ചയായും അവർ അന്നേദിവസം അവരുടെ രക്ഷിതാവിൽനിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു' എന്ന ആയത്തിന്റെ അർഥം അവർ മനസ്സിലാകുന്നില്ലേ...?''

ഇതിൽനിന്ന് സജ്ജനങ്ങൾക്ക് അല്ലാഹുവിനെ ദർശിക്കുവാൻ കഴിയുമെന്ന് വ്യക്തമാകുന്നു. അല്ലാഹുവിനുള്ള വെറുപ്പും കോപവുമാണ് ആ മഹാഭാഗ്യം ദുർജനങ്ങൾക്ക് സിദ്ധിക്കാതിരിക്കുവാൻ കാരണം.

ഇമാം ബൈഹകി(റഹ്) ഉദ്ധരിക്കുന്നു: 'തീർച്ചയായും അവർ അന്നേ ദിവസം അവരുടെ രക്ഷിതാവിൽനിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു.' ഈ ആയത്തിനെക്കുറിച്ച് ഇമാം ശാഫിഈ(റഹ്) പറയുന്നു: 'ഈ ആയത്ത് പരലോകത്തുവെച്ച് റബ്ബിന്റെ വലിയ്യുകൾ അവനെ കാണും എന്നതിന് തെളിവാണ്' (മനാകിബുശ്ശാഫിഈ).

സ്വർഗക്കാർ സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അല്ലാഹു ചോദിക്കും: "ഇതിൽ കൂടുതലായി ഞാൻ നിങ്ങൾക്ക് അധികരിപ്പിച്ച് തരട്ടെയോ?''

അവർ പറയും: "നീ ഞങ്ങളുടെ മുഖത്തെ പ്രകാശിപ്പിക്കുകയും നരകത്തിൽനിന്ന് രക്ഷപ്പെടുത്തുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തില്ലേ?''

അങ്ങനെ അവന്റെയും വിശ്വാസികളുടെയും ഇടയിലുള്ള മറ നീക്കപ്പെടും. തങ്ങളുടെ രക്ഷിതാവിന്റെ മുഖത്തേക്കുള്ള നോട്ടത്തേക്കാൾ പ്രിയങ്കരമായി ഒന്നും തന്നെ അവർക്ക് നൽകപ്പെട്ടിട്ടില്ല എന്ന് തിരിച്ചറിയും'' (മുസ്‌ലിം).

*(തുടരും)*



# യഹൂദരുടെ ഈദുൽ ഫുസ്ഹ് ആഘോഷം

ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ
: 9497385707

ഏറെ രക്തപങ്കിലമായ ചരിത്രപശ്ചാത്തലമുള്ളവരാണ് ചരിത്രത്തിലെ യഹൂദർ എന്ന് ഏകദേശം വ്യക്തമായിക്കഴിഞ്ഞു. രക്തവുമായി ബന്ധപ്പെട്ട് യഹൂദർക്ക് ഒരാഘോഷമുള്ളതായി പലരും രേഖപ്പെടുത്തിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. യഹൂദനല്ലാത്ത വ്യക്തിയുടെ രക്തം ഭക്ഷണത്തിൽ കലർത്തി അതിനെ ദിവ്യത്വമുള്ളതായി കരുതി യഹൂദസമൂഹം അവരുടെ ഭക്ഷണത്തിന്റെ ഭാഗമാക്കിത്തീർക്കുന്ന ഒരു ദിവസം അവർക്ക് വർഷത്തിൽ ഉള്ളതായി വിശ്വസനീയമായ രേഖകളിൽ പലരും വിശദീകരിക്കുന്നു. ഈദുൽ ഫുസ്ഹ്, ഈദുൽ ഖുബ്സ് തുടങ്ങിയ പേരുകളിൽ അറബിയിൽ ഇത് പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്.

എല്ലാവർഷവും ഏപ്രിൽ മാസം 14ന് വൈകുന്നേരം മുതലാണ് ഈ ആഘോഷത്തിന് തുടക്കം കുറിക്കുന്നത്. ക്രൂരനായ ഫറോവ (ഫിർഔൻ) ചക്രവർത്തിയുടെ അതിക്രമങ്ങളിൽനിന്നും ബനൂഇസ്റാഈൽ സമൂഹത്തെ രക്ഷപ്പെടുത്തി ഈജിപ്തിൽനിന്നും പലായനം ചെയ്യിച്ചതിന്റെ ഓർമ പുതുക്കുന്ന അവസരമായിട്ടാണ് ഈ പെരുന്നാൾ ആഘോഷമെന്നും വിശദീകരിക്കപ്പെടുന്നുണ്ട്. മനുഷ്യരക്തം കൂട്ടിക്കലർത്തിയുള്ള പലഹാരം ഭുജിക്കുന്ന ഈ ആഘോഷത്തിനും കുട്ടികളെ 'മാർക്കം ചെയ്യുന്ന' പരമ്പരാഗത ആചാരങ്ങൾക്കും യഹൂദരുടെ തൽമൂദിൽ ഒരുപോലെയാണ് അംഗീകാരമെന്ന് പറയപ്പെടുന്നു.

**യഹൂദർക്ക് അവരുടെ പുണ്യസുവിശേഷ ദിനങ്ങളിൽ വിശേഷപാനീയങ്ങളും ഭക്ഷണവും തയ്യാറാക്കാൻ ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും ചുടുചോര ആവശ്യമാണ്. ഇതിനായി യഹൂദരല്ലാത്ത നിസ്സഹായരായ ഇരകളെ തന്ത്രപരമായി വേട്ടയാടിക്കൊടുക്കുന്നതിന് യഹൂദപുരോഹിതന്മാരെ സഹായിക്കാൻ പ്രമുഖന്മാരായ ക്രിമിനലുകളുടെ സഹായം ഇവർ തേടിയിരുന്നു.**

ക്രി.1840ൽ ദുരൂഹസാഹചര്യത്തിൽ അപ്രത്യക്ഷനായ ഒരു ക്രൈസ്തവ പുരോഹിതന്റെ കഥ ചില ചരിത്രഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇറ്റാലിയൻ വംശജനായ തോമായും അദ്ദേഹത്തിന്റെ പരിചാരകനും ഡമാസ്ക്കസിൽവെച്ച് ഒരുദിനം അപ്രത്യക്ഷനായി. യഹൂദർ അദ്ദേഹത്തെ പിടികൂടി ഈദുൽ ഫുസ്ഹ് ആഘോഷങ്ങൾക്കുവേണ്ടി കൊലപ്പെടുത്തിയെന്നായിരുന്നു കത്തോലിക്കാസഭയിലെ പുരോഹിതന്മാരുടെ വ്യാപകമായ പ്രചാരണം. എന്താനും നാളുകൾക്കുശേഷം തോമായുടെ മൃതശരീരം കണ്ടെത്തി. ശരീരത്തിൽനിന്നും രക്തം ഊറ്റിയെടുക്കാൻ ശരീരമാസകലം മുറിവുകൾ ഏൽപിക്കപ്പെട്ട് വികലമായ നിലയിലായിരുന്നു ഫാദർ തോമായുടെ ശവശരീരം കാണപ്പെട്ടത്. പിന്നീട് നടത്തിയ അന്വേഷണത്തിൽ ഫാദർ തോമായെ കൊലപ്പെടുത്തിയ ആളെയും അവർ കണ്ടെത്തി. ജൂതനായ ഒരു ബാർബറെ ഉപയോഗിച്ചായിരുന്നു യഹൂദർ ഈ നീചകൃത്യം നിറവേറ്റിയത്. തൽമൂദിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ക്രിസ്ത്യാനിയുടെയോ മുസ്‌ലിമിന്റെയോ രക്തം കലർത്തിയ 'വിശുദ്ധപാനീയം' തയ്യാറാക്കാനാണ് ഈ ക്രൂരത ചെയ്തതെന്ന് ഇയാൾ കുറ്റസമ്മതം നടത്തി.

ഫാദർ തോമായുടെ പരിചാരകനെയും ഇയാൾ ഈരീതിയിൽ തന്നെ കൊലപ്പെടുത്തിയതായി സമ്മതിച്ചു. ആൾതാമസമില്ലാത്ത ഒരു ദ്വീപിൽ കെട്ടിത്തൂക്കിയ നിലയിലായിരുന്നു ഇയാളുടെ മൃതശരീരം. 1840ലെ സിറിയൻ ചരിത്രം രേഖപ്പെടുത്തിയ ഫ്രഞ്ച് ചരിത്രകാരനായ ചാൾസ് ഫ്രാൻസിസ് ലോറന്റ് ഈ സംഭവം എഴുതിയിട്ടുണ്ട്. തുടർന്ന് ഒട്ടനവധി ഗ്രന്ഥകാരന്മാർ അവരുടെ രചനകളിൽ ഈ സംഭവം കൂട്ടിച്ചേർത്തിട്ടുണ്ട്. ഡോ. നജീബ് കീലാനി സിയോണിസ്റ്റുകളെപ്പറ്റി എഴുതിയ ഒരു കഥയിൽ ഈ വിഷയം പരാമർശിച്ചിട്ടുണ്ട്.

യഹൂദർക്ക് അവരുടെ പുണ്യസുവിശേഷ ദിനങ്ങളിൽ വിശേഷപാനീയങ്ങളും ഭക്ഷണവും തയ്യാറാക്കാൻ ക്രിസ്ത്യാനികളുടെയും മുസ്‌ലിംകളുടെയും ചുടുചോര ആവശ്യമാണ്. ഇതിനായി യഹൂദരല്ലാത്ത നിസ്സഹായരായ ഇരകളെ തന്ത്രപരമായി വേട്ടയാടിക്കൊടുക്കുന്നതിന് യഹൂദപുരോഹിതന്മാരെ സഹായിക്കാൻ പ്രമുഖന്മാരായ ക്രിമിനലുകളുടെ സഹായം ഇവർ തേടിയിരുന്നു. ഫാദർ തോമായെയും പരിചാരകനെയും ഇപ്രകാരം



വേട്ടയാടുകയായിരുന്നു.

### മഹാത്മാഗാന്ധിയും അറബ്-ഫലസ്തീൻ പ്രശ്നവും

ഫലസ്തീനിലെ അറബ്-ജൂത പ്രശ്നത്തെക്കുറിച്ചും ജർമനിയിലെ ജൂതന്മാർക്കെതിരായ പീഡനത്തെക്കുറിച്ചും തന്റെ കാഴ്ചപ്പാടുകൾ പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് നിരവധി കേന്ദ്രങ്ങളിൽനിന്നും ഗാന്ധിജിയുടെ പ്രതികരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഏറെ പ്രതിസന്ധികൾ ഉണ്ടാക്കാൻ സാധ്യതയുള്ള ഈ വിഷയത്തിൽ തന്റെ സത്യസന്ധമായ പ്രതികരണം രേഖപ്പെടുത്തുന്ന വിഷയത്തിൽ ഗാന്ധിജി ധീരനായിരുന്നു. 26-11-1938ൽ പ്രസിദ്ധീകരിച്ച തന്റെ 'ഹരിജൻ' എന്ന പത്രത്തിൽ 'The Jews in Palestine' എന്ന തലക്കെട്ടിലെഴുതിയ ലേഖനത്തിലാണ് ഗാന്ധിജി തന്റെ പ്രസിദ്ധമായ നിലപാട് സത്യസന്ധമായി പ്രകടിപ്പിച്ചത്.

**ലോകത്ത് ലുബ്ധിനും സങ്കുചിത മനഃസ്ഥിതിക്കും കുപ്രസിദ്ധിയാർജിച്ച സമൂഹമാണ് യഹൂദർ. അവരുടെ ദൃഷ്ടിയിൽ അല്ലാഹു ലുബ്ധനാണ്. ഇതിനു കാരണം നൂറ്റാണ്ടുകളായി ദൈന്യതയിലും പരാധീനതയിലും കഴിഞ്ഞുകൂടുകയായിരുന്ന യഹൂദർ. തങ്ങളുടെ പൂർവപ്രതാപം കഥാവശേഷമായിത്തീർന്നു. അതു വീണ്ടെടുക്കാൻ യാതൊരു സാധ്യതയും കാണുന്നില്ല. അതിനാൽ തങ്ങൾക്ക് നേരിട്ട ഈ സാമുദായിക വിനാശത്തെയും അധഃസ്ഥിതിയെയും കുറിച്ച് ഖേദിച്ചുകൊണ്ട് യഹൂദസമൂഹത്തിലെ വിവരംകെട്ടവർ അല്ലാഹുവിനെ ലുബ്ധനായും അവന്റെ ഖജനാവിനെ അടച്ചുപൂട്ടപ്പെട്ടതായും ജൽപിച്ചിരുന്നു.**



ഗാന്ധി എഴുതുന്നു: "എന്റെ സഹതാപം എല്ലാം ജൂതന്മാരോടുമാണ്. ദക്ഷിണാഫ്രിക്കയിൽവെച്ച് എനിക്ക് അവരെ അടുത്തറിയാം. അവരിൽ ചിലർ എന്റെ ആജീവനാന്ത കൂട്ടാളികളായിരുന്നു. ഈ സുഹൃത്തുക്കളിലൂടെ അവരുടെ കാലാധികൃമുള്ള പീഡനങ്ങൾ പലതും ഞാൻ മനസ്സിലാക്കി. അവർ ക്രിസ്തുമതത്തിലെ തൊട്ടുകൂടാത്തവരായിരുന്നു. ക്രിസ്ത്യാനികളുടെ ഈ പെരുമാറ്റവും ഹിന്ദുക്കളുടെ തൊട്ടുകൂടാത്തവരോടുള്ള പെരുമാറ്റവും തമ്മിലുള്ള സമാന്തരം വളരെ അടുത്താണ്. മനുഷ്യത്വരഹിതമായ ഈ പെരുമാറ്റങ്ങൾക്ക് മതപരമായ പല തെളിവുകളും പ്രകടമാണ്. സൗഹൃദങ്ങളെക്കാളും യഹൂദരോടുള്ള എന്റെ സഹതാപത്തിന് പല കാരണങ്ങളുമുണ്ട്. എന്നാൽ നീതിപൂർണമായ പെരുമാറ്റത്തിന് അവരോടുള്ള സഹതാപം എന്നെ അന്ധനാക്കുന്നില്ല.

### ദൈവത്തിന്റെ മേൽ ലുബ്ധ് ആരോപണം

ലോകത്ത് ലുബ്ധിനും സങ്കുചിത മനഃസ്ഥിതിക്കും കുപ്രസിദ്ധിയാർജിച്ച സമൂഹമാണ് യഹൂദർ. അവരുടെ ദൃഷ്ടിയിൽ അല്ലാഹു ലുബ്ധനാണ്. ഇതിനു കാരണം നൂറ്റാണ്ടുകളായി ദൈന്യതയിലും പരാധീനതയിലും കഴിഞ്ഞുകൂടുകയായിരുന്ന യഹൂദർ. തങ്ങളുടെ പൂർവപ്രതാപം കഥാവശേഷമായിത്തീർന്നു. അതു വീണ്ടെടുക്കാൻ യാതൊരു സാധ്യതയും കാണുന്നില്ല. അതിനാൽ തങ്ങൾക്ക് നേരിട്ട ഈ സാമുദായിക വിനാശത്തെയും അധഃസ്ഥിതിയെയും കുറിച്ച് ഖേദിച്ചുകൊണ്ട് യഹൂദസമൂഹത്തിലെ വിവരംകെട്ടവർ അല്ലാഹുവിനെ ലുബ്ധനായും അവന്റെ ഖജനാവിനെ അടച്ചുപൂട്ടപ്പെട്ടതായും ജൽപിച്ചിരുന്നു.

വിപത്തുകളും നാശങ്ങളുമല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് തരാനിപ്പോൾ ദൈവത്തിനില്ലെന്ന് അവർ വ്യാകുലപ്പെട്ടു. പ്രതിസന്ധി ഘട്ടങ്ങളിൽ വിശ്വാസത്തിൽ അടിയുറച്ചുകൊണ്ട് ദൈവിക മാർഗത്തിൽ അടിയുറക്കുന്നതിനു പകരം ദൈവവിശ്വാസത്തിൽനിന്നും നിരാശരായി പുറത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നിരവധിയാളുകളെ ഇതിന് സമാനമായി ഇന്നും നമുക്ക് കാണാനാകും.

വിപത്തുകളിൽനിന്ന് ഗുണപാഠമുൾക്കൊണ്ട് സ്വന്തം സ്ഥിതി നന്നാക്കുന്നതിനു പകരം കോപത്തോടെ സ്രഷ്ടാവിനെതിരെ ശകാരവാക്കുകൾ ചൊരിയുവാനായിരുന്നു അവർക്ക് താൽപര്യം. ധിക്കാര വചനങ്ങളും ശകാരങ്ങളും ചൊരിഞ്ഞുകൊണ്ടിരുന്ന അവർക്ക് ദൈവിക കടാക്ഷവും കാരുണ്യവും പ്രതീക്ഷിക്കാൻ യാതൊരർഹതയും ഉണ്ടായിരുന്നില്ല. ഈ ദുർനടപടികൾ കാരണം ദൈവിക കാരുണ്യകടാക്ഷങ്ങളിൽനിന്നും ദയാദാക്ഷ്യണ്യങ്ങളിൽനിന്നും അവർ ബഹുദൂരം അകറ്റപ്പെട്ടു.

ക്വുർആനിൽ ഇപ്രകാരം കാണാം: "അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദൻമാർ പറഞ്ഞു. അവരുടെ കൈകൾ ബന്ധിതമാകട്ടെ. അവർ പറഞ്ഞ വാക്കുകാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു..." (മാഇദ 64).

**യഹൂദരുടെ കപടഭക്തി**

അതിരറ്റ സ്നേഹവും അന്ധമായ ഭയഭക്തിയുമാണ് വേദക്കാരെ വഴിതെറ്റിച്ചതെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയിൽ ക്രൈസ്തവ പണ്ഡിതന്മാർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. യേശുവിനെ ദൈവമാക്കാനും ദൈവപുത്രനാക്കാനും ദൈവിക ഗുണങ്ങൾ അനുബന്ധിപ്പിക്കാനും പാപമോചവിശ്വാസം പടുത്തുയർത്താനും മറ്റും അവരെ പ്രേരിപ്പിച്ചത് ഇത്തരം അതിരുകവിയലുകളായിരുന്നു. പ്രവാചകന്മാരുടെ യഥാർഥ ശിക്ഷണങ്ങളിലേക്ക് മടങ്ങാതെ വെറും ന്യായശാസ്ത്രത്തിന്റെയും തത്ത്വശാസ്ത്രത്തിന്റെയും സഹായത്തോടെ ഒരു വിശ്വാസത്തിനുമേൽ മറ്റൊരു വിശ്വാസം അവർ ചമച്ചുണ്ടാക്കി.

ക്വുർആൻ പറയുന്നു: "പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് മതകാര്യങ്ങളിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേ പിഴച്ചുപോവുകയും ധാരാളംപേരെ പിഴപ്പിക്കുകയും നേർമാർഗത്തിൽനിന്നും തെറ്റിപ്പോവുകയും ചെയ്ത ഒരു വിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്" (മാഇദ 77).

യഹൂദരിലെ പണ്ഡിതന്മാർ ദൈവികനിർദേശങ്ങളുടെ അർഥങ്ങളും ഉദ്ദേശ്യങ്ങളും തങ്ങളുടെ ഹിതത്തിനൊത്ത് മാറ്റുകയും സ്വന്തം ചരിത്രം, ഊഹാനുമാനങ്ങൾ, സാങ്കൽപിക തത്ത്വശാസ്ത്രങ്ങൾ, സ്വന്തമായി നിർമിച്ച ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയെ വേദവാക്യങ്ങളുമായി കൂട്ടിക്കലർത്തുകയും അതെല്ലാം അല്ലാഹുവിൽനിന്നും അവതീർണമായതെന്ന വിധത്തിൽ ജനങ്ങൾക്കു മുന്നിൽ ഉന്നയിക്കുകയും ചെയ്തു. ഇതുവഴി ഇതിഹാസങ്ങളും ദുർവ്യാഖ്യാനങ്ങളും മതദാർശനികന്മാരുടെ അഭിപ്രായങ്ങളും കർമശാത്രപണ്ഡിതരുടെ നിയമങ്ങളും ദൈവവചനങ്ങളായി വേദഗ്രന്ഥങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടി. അവയിൽ വിശ്വസിക്കുവാനും അവ പ്രാവർത്തികമാക്കുവാനും അനുയായികളെ അവർ പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു.

ഇവരിലെ പാമരസമൂഹത്തിന്റെ അവസ്ഥയാണ് അന്നും ഇന്നും ഏറെ പരിതാപകരം. വേദഗ്രന്ഥത്തെക്കുറിച്ച് അവർ തികച്ചും അജ്ഞരായിരുന്നു. മതത്തിന്റെ/വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെ സംബന്ധിച്ചോ ധാർമികവും സദാചാരപരവുമായ നിയമങ്ങളെ സംബന്ധിച്ചോ യാതൊരു പരിജ്ഞാനവുമില്ലാത്ത പാവം അനുയായികൾ! സ്വന്തം സങ്കൽപങ്ങൾക്കനുസൃതമായി കെട്ടിപ്പടുത്ത വിഷയങ്ങളെ മതമായി അംഗീകരിച്ച് വ്യാജ പ്രതീക്ഷയിൽ ജീവിച്ചിരുന്നവരെ സംബന്ധിച്ച് ക്വുർആൻ ഇങ്ങനെ പറയുന്നു: "അക്ഷരജ്ഞാനമില്ലാത്ത ചില ആളുകളും അവരിൽ (ഇസ്റാഈല്യരിൽ) ഉണ്ട്. ചില വ്യാമോഹങ്ങൾ വെച്ചുപുലർത്തുന്നതല്ലാതെ വേദഗ്രന്ഥത്തെപ്പറ്റി അവർക്ക് ഒന്നുമറിയില്ല. അവർ ഊഹത്തെ അവലംബമാക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അതുമുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (അൽബകറ 78-79).

ഞങ്ങളെന്തുതന്നെ പ്രവർത്തിച്ചാലും യഹൂദരായതു കാരണം നരകാഗ്നി ഞങ്ങളെ സ്പർശിക്കുകയില്ല, അഥവാ ശിക്ഷ നൽകപ്പെട്ടാൽതന്നെ ചുരുക്കം ദിനങ്ങൾ മാത്രം ഞങ്ങളെ നരകത്തിലിട്ട് പിന്നെ നേരെ സ്വർഗത്തിലേക്കയക്കുമെന്ന മിഥ്യാധാരണ അവരെ കീഴ്പെടുത്തിയിരുന്നു. ഈ അഹംഭാവം അവരുടെ ധാരണകൾക്ക് ഒന്നുകൂടി മാറ്റുകൂട്ടി. അല്ലാഹു ഓർമപ്പെടുത്തുന്നു: "അവർ (യഹൂദർ) പറഞ്ഞു: എണ്ണപ്പെട്ട ദിവസങ്ങളിലല്ലാതെ ഞങ്ങളെ നരകശിക്ഷ ബാധിക്കുകയേ ഇല്ല. ചോദിക്കുക: നിങ്ങൾ അല്ലാഹുവിങ്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? എന്നാൽ തീർച്ചയായും അല്ലാഹു തന്റെ കരാർ ലംഘിക്കുകയില്ല. അതല്ല, നിങ്ങൾക്ക് അറിവില്ലാത്തത് അല്ലാഹുവിന്റെ പേരിൽ നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ?" (അൽബകറ 80).

*(തുടരും)*



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 41

# തീയേ, നീ തണുപ്പാവുക!

പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ
: 9447 701 741

### വഹ്‌യ് ഒന്ന്, പുലർച്ച പലത്!

മേൽപറഞ്ഞ സംഭവം 1880 ലാണ് നടന്നത്. എന്നാൽ ഇരുപത്തഞ്ച് വർഷം പിന്നിട്ടപ്പോൾ 1905 മെയ് ആറിന് വീണ്ടും ഇതേ 'വഹ്‌യ്' അവതരിച്ചു! ഇത്തവണ രോഗിയും രോഗവും മാറി എന്നേയുള്ളൂ. തന്റെ ഏറ്റവും പ്രിയപ്പെട്ട അനുയായിയും പിൽക്കാലത്ത് ഒന്നാം ഖലീഫയുമായ ഹകീം നൂറുദ്ദീന്റെ രോഗം കലശലായതറിഞ്ഞ് മിർസാ ഖാദിയാനി നിരന്തരമായ പ്രാർഥനയിൽ മുഴുകി. അപ്പോഴാണ് ഇതേ സൂക്തം വള്ളിപുള്ളി വ്യത്യാസമില്ലാതെ വീണ്ടും അവതരിച്ചത്. 'വ ഇൻ കുൻതും ഫീ റയ്ബിൻ...' (പേജ് 440)

അടുത്തവർഷം 1906 മെയ് 22ന് ഇതേ വഹ്‌യിന്റെയും ഒപ്പം ചില സൂക്തങ്ങളുടെയും അവതരണ പശ്ചാത്തലം (സബബുന്നുസൂൽ) വിവരിക്കുന്നുണ്ട്: "മൂന്നാല് മാസങ്ങളായി എന്നെ ബാധിച്ച അസുഖം കാരണം ഞാനേറെ ദുർബലനായി മാറിയിരുന്നു. രണ്ടുനേരം പോലും പള്ളിയിൽ പോകാൻ സാധിച്ചില്ല. ഇരുന്നായിരുന്നു നമസ്കാരം നിർവഹിച്ചിരുന്നത്. ഒരു വരി എഴുതാൻ തുടങ്ങിയാൽ തലകറക്കം വരും. ശരീരത്തോടൊപ്പം മനസ്സും തളർന്നു. മരണം അടുത്തെത്തിയതുപോലെ തോന്നി."

"ഒപ്പം ഭാര്യക്കും രോഗം ബാധിച്ചു. കരളിനും ഗർഭാശയത്തിനും ബാധിച്ച രോഗം ഗുരുതരമായി. അവർ നിത്യരോഗിയായി എന്നുതന്നെ പറയട്ടെ. എനിക്ക് യുവ

ത്വത്തിന്റെ ശക്തി തിരിച്ചുതരണേ എന്ന് ഞാൻ പ്രാർഥിച്ചു. ഭാര്യയുടെ രോഗശാന്തിക്കായും പ്രാർഥിച്ചു കൊണ്ടിരുന്നു. ഒരു ഇൽഹാം അവതരിച്ചു: 'യൗവനകാലത്തെ പ്രകാശം നിനക്ക് തിരികെ തരും. യൗവനം തിരിച്ചു കൊണ്ടുവരും. നമ്മുടെ ദാസന് നാം ഇറക്കികൊടുത്തതിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഇതുപോലുള്ള ഒരു ചികിത്സ നിങ്ങൾ കൊണ്ടുവരിക. അവൾക്കും ആരോഗ്യവും പ്രസരിപ്പും നാം തിരിച്ചുനൽകും"(പേജ് 529).

മിർസാ ഖാദിയാനിയുടെ 'വഹ്‌യുകൾ' ക്രോഡീകരിക്കും മുമ്പ് മുഖപത്രങ്ങളിലും പുസ്തകങ്ങളിലും പ്രസിദ്ധീകരിക്കുകയായിരുന്നു പതിവ്. 25 വർഷങ്ങൾക്ക് മുമ്പ് തന്റെ രോഗശമനവുമായി ബന്ധപ്പെട്ട് ഇതേ വഹ്‌യ് പ്രസിദ്ധീകരിച്ച കാര്യം അയാൾ മറന്നു പോവുകയും പുതിയ സാഹചര്യത്തിലേക്ക് പറ്റിയത് എന്ന് കരുതി എഴുതുകയും ചെയ്തു എന്നതാണു നേര്. അദ്ദേഹംതന്നെ പറയാറുള്ള ഒരു പഴമൊഴിയുണ്ട്; 'കളവു പറയുന്നവന് ഓർമശക്തി ഉണ്ടാവില്ല.'

**തീയേ, നീ തണുപ്പാവുക!**

1881ലെ ഒരു 'മുഅ്ജിസത്ത്' ഇങ്ങനെ: "വിളർച്ചരോഗം ബാധിച്ച ഒരു ഹിന്ദു ആര്യൻ രോഗം കലശലായി തീർത്തും നിരാശനായി എന്റെ അടുത്തുവന്ന് കരയാൻ തുടങ്ങി. അയാളുടെ ദയനീയാവസ്ഥ കണ്ട് എന്റെ കരളുരുകി. ഞാൻ ഏക ഇലാഹായ അല്ലാഹുവിനോട് കേണു പറഞ്ഞു. ഉടനെ ഇൽഹാം അവതരിച്ചു: 'നാം അഗ്നിയോട് കല്പിച്ചു, നീ തണുപ്പും രക്ഷയും ആവുക!' അയാളോടും ഖാദിയാനിലെ ഒരുപാട് ഹിന്ദുക്കളോടും ഞാൻ ഇൽഹാമിന്റെ കാര്യം പറഞ്ഞു. അൽഹംദുലില്ലാഹ്! ആ ഹിന്ദു കഠിനമായ രോഗത്തിൽനിന്ന് മുക്തനായി" (പേജ് 32).

ഇത്ര 'മഹത്തായ' ഒരു അമാനുഷികത വെളിപ്പെട്ടിട്ടും അയാളുടെ പേരുപോലും ഓർക്കുകയോ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല ഖാദിയാനി പ്രവാചകൻ! ഈ വഹ്‌യ് ഹിന്ദുക്കൾക്ക് വേണ്ടി സ്പെഷ്യൽ ആണെന്ന് തോന്നുന്നു. നോക്കൂ, പിന്നീടൊരിക്കൽ മലാവാമിൽ എന്ന ഹിന്ദു ആര്യന് ഇതേ രോഗം ബാധിച്ചു. കലശലായ അവസ്ഥയിൽ മിർസയെ സമീപിച്ചപ്പോഴും തനിയാവർത്തനമായി ഇതേ വഹ്‌യ് തന്നെ അവതരിച്ചു! തുടർന്ന് എഴുതി: "ഞാൻ സ്വപ്നത്തിൽ അവനെ ഖബ്റിൽ നിന്ന് പുറത്തെടുത്തതായി കണ്ടിരുന്നു" (പേജ് 40).

മിർസാ ഖാദിയാനിയുടെ 'വഹ്‌യുകൾ' ക്രോഡീകരിക്കും മുമ്പ് മുഖപത്രങ്ങളിലും പുസ്തകങ്ങളിലും പ്രസിദ്ധീകരിക്കുകയായിരുന്നു പതിവ്. 25 വർഷങ്ങൾക്ക് മുമ്പ് തന്റെ രോഗശമനവുമായി ബന്ധപ്പെട്ട് ഇതേ വഹ്‌യ് പ്രസിദ്ധീകരിച്ച കാര്യം അയാൾ മറന്നു പോവുകയും പുതിയ സാഹചര്യത്തിലേക്ക് പറ്റിയത് എന്ന് കരുതി എഴുതുകയും ചെയ്തു എന്നതാണു നേര്. അദ്ദേഹംതന്നെ പറയാറുള്ള ഒരു പഴമൊഴിയുണ്ട്; 'കളവു പറയുന്നവന് ഓർമശക്തി ഉണ്ടാവില്ല.'

ആര്യഹിന്ദുക്കളെ ഖബ്റടക്കുകയാണോ ചെയ്യാറുള്ളത്? സുഖപ്പെട്ടു എന്ന് നമ്മൾ വിശ്വസിച്ചാൽ പോരേ? ഇത്തരം അമാനുഷിക കഥകളിലെ കഥാപാത്രങ്ങളും സാക്ഷികളും ഒക്കെയായിട്ടും ഒറ്റ ഹിന്ദു ആര്യന്മാരും ഈ രുദ്രഗോപാലകൃഷ്ണൻ ഖാദിയാനിയെ വിശ്വസിച്ചില്ല എന്നത് ഒരു 'ദുഃഖസത്യ'മായി അവശേഷിക്കുന്നു.

വർഷങ്ങൾക്കു ശേഷം ഇതേ വഹ്‌യ് മൂന്നാമതും ഇൽഹാമിയോപ്പതിയായി അവതരിച്ചുവെന്ന് പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇത്തവണ സ്വന്തം കുഴിനഖത്തിന്റെ കലശലായ വേദന മാറുന്നതിന്റെ സന്തോഷവാർത്തയായിരുന്നു അത് എന്ന് ഖാദിയാനി പ്രവാചകൻ രേഖപ്പെടുത്തുന്നു. (പേജ് 326)

ഇങ്ങനെ ആവശ്യാനുസരണം ഉപയോഗിക്കാൻ വേണ്ടിയാവാം, വിശുദ്ധ ഖുർആനിൽ, അഗ്നിയോട് ഇബ്റാഹീമിന്റെ മേൽ തണുപ്പും രക്ഷയും ആകാൻ പറഞ്ഞ അതേ വഹ്‌യുകൾ ഇപ്പോൾ മിർസയ്ക്ക് അവതരിച്ചപ്പോൾ ആളുടെ പേര് പറയാതിരുന്നത്. അല്ലെങ്കിൽ 'ഖുൽ യാ നാറു കൂനീ ബർദൻ വസലാമൻ അലാ മല്ലാവാമിൽ' എന്ന് ഖാദിയാനികൾ ഓതേണ്ടി വരുമായിരുന്നു.

**മലക്കിന്റെ ചികിത്സ ഫലിച്ചില്ല**

പിന്നീട് കുറെക്കാലം രോഗശമന വഹ്‌യുകൾ അവതരിച്ചിരുന്നില്ല. 1895ൽ ഒരു വഹ്‌യ് വന്നു: "ഏറെക്കാലമായി എന്നെ അലട്ടിക്കൊണ്ടിരുന്ന പ്രമേഹരോഗം മൂലം കണ്ണിന്റെ കാഴ്ച കുറഞ്ഞുവന്നു. എപ്പോഴും കണ്ണിൽ വെള്ളമൊഴുകുകയും ചെയ്തുകൊണ്ടിരുന്നു. പൂർണമായി കാഴ്ച നഷ്ടപ്പെടുമോ എന്ന് അത്യധികം ആശങ്കയുണ്ടായപ്പോഴാണ് വഹ്‌യ് അവതരിച്ചത്: 'നിന്റെ മൂന്ന് അവയവങ്ങളിൽ ഞാൻ കാരുണ്യം ചൊരിയും; കണ്ണിലും മറ്റു രണ്ട് അവയവങ്ങളിലും."

"കണ്ണിന്റെ കാര്യം എടുത്തു പറഞ്ഞെങ്കിലും മറ്റു രണ്ടെണ്ണം ഏതാണെന്ന് വ്യക്തമാക്കിയില്ല. മൂന്ന് അവയവങ്ങളാണ് ജീവിതത്തിന്റെ ആസ്വാദനം എന്ന് ആളുകൾ പറയാറുണ്ട്. കണ്ണും മൂക്കും കാതും. ഏതാണ്ട് പതിനെട്ടു വർഷമായി എന്നെ ഈ രോഗം ബുദ്ധിമുട്ടിക്കുന്നു. അത് കണ്ണിനെ എങ്ങനെ ബാധിക്കും എന്നത് ഡോക്ടർമാർക്കും ഹകീമുമാർക്കുമൊക്കെയാണ് അറിയുക" (പേജ് 227).



**തന്റെ മകനും ഇടതുവലതു കൈകൾ എന്ന് വിശേഷിപ്പിച്ച മൗലവി അബ്ദുൽ കരീമും ഹകീം നൂറുദ്ദീനും ഒരേസമയം രോഗികളായപ്പോൾ അവരുടെ പ്രവാചകൻ പ്രാർഥിക്കുകയും രോഗം മാറുകയും ചെയ്തു എന്നതാണ് ഈ 'വിശുദ്ധ ഗ്രന്ഥ'ത്തിലെ പ്രതിപാദ്യം. ഇതൊക്കെ വായിച്ച്, അതിമഹത്തായ കാര്യങ്ങളെന്നു വിശ്വസിച്ച് ഈ മതത്തിൽ ചേരണമെന്നാണ് ഇവരുടെ താൽപര്യം. വ്യാജ പ്രവാചകന് ഇങ്ങനെയൊക്കെയല്ലേ അണികളെ പിടിച്ചുനിർത്താൻ കഴിയുകയുള്ളൂ.**

നേരത്തെ ഷേർ അലി എന്ന മലക്ക് കണ്ണിന്റെ എല്ലാ കാഴ്ചദോഷങ്ങളും അസുഖങ്ങളും ശസ്ത്രക്രിയ ചെയ്തു മാറ്റിയിരുന്നുവല്ലോ. ഇപ്പോൾ പറയുന്നത് കേട്ടില്ലേ, കാഴ്ച കുറഞ്ഞു എന്നും വെള്ളം ഒഴുകുന്നു എന്നുമൊക്കെ. അല്ലാഹു മലക്കിനെ അയച്ച് നൂതനമായ ചികിത്സ നടത്തിയിട്ടും ഫലിച്ചില്ലെന്നോ? ഇൽഹാമിയോപ്പതിയുടെ പോരിശ പറയുമ്പോൾ താൻ നേരത്തെ പറഞ്ഞ കാര്യം അദ്ദേഹം മറന്നു പോയി. നമുക്ക് അതൊന്നും പെട്ടെന്ന് മറക്കാൻ പറ്റില്ലല്ലോ. പ്രവാചകത്വവാദിയുടെ 'വഹ്‌യുകൾ' ആണല്ലോ നാം പഠനവിധേയമാക്കുന്നത്.

### കണ്ണുരോഗം സുഖപ്പെട്ടു

"ഒരിക്കൽ നമ്മുടെ മകൻ ബഷീർ അഹ്മദിന് കണ്ണുരോഗം പിടിപെട്ടു. കൺപീലികൾ വീണുപോയി. നിർത്താതെ വെള്ളം ഒഴുകുന്നു. ഞാൻ പ്രാർഥിച്ചപ്പോൾ ഇൽഹാം വന്നു, 'എന്റെ മകൻ ബഷീറിന്റെ കണ്ണുകൾ നന്നായി' എന്ന്. ഒരാഴ്ച കഴിഞ്ഞതോടെ അവന്റെ കണ്ണുരോഗം പൂർണമായും സുഖമായി, ആരോഗ്യം തിരിച്ചുകിട്ടി. നേരത്തെ കൊല്ലങ്ങളോളം ഇംഗ്ലീഷ്, യൂനാനി ചികിത്സകൾ ചെയ്തിരുന്നു. പക്ഷേ, ഫലമുണ്ടായില്ല. എന്നുമാത്രമല്ല സ്ഥിതി വഷളാവുകയായിരുന്നു" (പേജ് 273).

വെറുതെ കാശുകളഞ്ഞു, ബുദ്ധിമുട്ട് സഹിക്കുകയും ചെയ്തു! ഇൽഹാമിയോപ്പതി കൈയിലുണ്ടായിരിക്കെ എന്തിനാ അലോപ്പതിയും യൂനാനിയുമൊക്കെ പരീക്ഷിച്ചത്?

### 'മുഖം കറുത്തുപോയി'

"1900 ജൂൺ 18: മിനിയാന്ന് ഹുസൂറിന് കടുത്ത തലവേദന. അപ്പോഴാണ് കശ്ഫിലൂടെ ഒരു പരസ്യം കാണിച്ചത്. അതിൽ ഗസ്നവികളെപ്പറ്റിയാണ് പറഞ്ഞിരുന്നത്. അവസാനത്തെ വരിയിൽ 'മുഖം കറുത്തു' എന്ന് എഴുതിയിരുന്നു. ഉടനെ അറബിയിൽ ഇൽഹാം വന്നു: 'മുഖങ്ങൾ കറുത്തുപോയി.' ഏതോ ശത്രുക്കളെക്കുറിച്ചാണ് ഈ പരാമർശം" (പേജ് 664). എങ്ങനെയുണ്ട് ഖാദിയാനി പ്രവാചകന്റെ കശ്ഫും ഇൽഹാമും?!

### തലവേദന മാറിയോ എന്ന് പറഞ്ഞില്ല

1900 നവംബറിലാണ് അടുത്ത 'വഹ്‌യ്.' മൗലവി അബ്ദുൽ കരീം പറയുന്നു: "കുറെ ദിവസങ്ങളായി ഞാൻ രോഗശയ്യയിലായിരുന്നു. ശരീരം നന്നേ ക്ഷീണിച്ചുപോയി. മൂന്നു ദിവസമായി ബശീർ മഹ്മൂദിനും അതികഠിനമായി പനിക്കുന്നു. മസീഹ് പറഞ്ഞു: 'ഞാൻ പ്രാർഥിക്കാൻ വിചാരിക്കുകയായിരുന്നു. അപ്പോഴാണ് താങ്കൾ രോഗിയാണ് എന്നറിഞ്ഞത്. മൗലവി നൂറുദ്ദീനും കിടപ്പിലാണ്. ഞാൻ മൂന്നു പേർക്കും വേണ്ടി ദുആ ചെയ്തു. അപ്പോഴാണ് വഹ്‌യ് അവതരിച്ചത്, 'നിന്റെ മക്കൾക്കും നിന്നെ പിൻപറ്റുന്നവർക്കും വേണ്ടിയുള്ള നിന്റെ പ്രാർഥന കേട്ടിരിക്കുന്നു' എന്ന്"(പേജ് 664).

തന്റെ മകനും രണ്ടുചിറകുകൾ എന്ന് വിശേഷിപ്പിച്ച മൗലവി അബ്ദുൽ കരീമും ഹകീം നൂറുദ്ദീനും ഒരേസമയം രോഗികളായപ്പോൾ അവരുടെ പ്രവാചകൻ പ്രാർഥിക്കുകയും രോഗം മാറുകയും ചെയ്തു എന്നതാണ് ഈ 'വിശുദ്ധ ഗ്രന്ഥ'ത്തിലെ പ്രതിപാദ്യം. ഇതൊക്കെ വായിച്ച്, അതിമഹത്തായ കാര്യങ്ങളെന്നു വിശ്വസിച്ച് ഈ മതത്തിൽ ചേരണമെന്നാണ് ഇവരുടെ താൽപര്യം. വ്യാജ പ്രവാചകന് ഇങ്ങനെയൊക്കെയല്ലേ അണികളെ പിടിച്ചുനിർത്താൻ കഴിയുകയുള്ളൂ.

*(തുടരും)*




# മുന്തിയ വാഹനങ്ങൾ

ഇബ്നു അലി

ഒരു ആഡംബര കാറിൽ യാത്ര ചെയ്യുകയായിരുന്നു ഞങ്ങൾ. ഒരു കൗതുകത്തിന് ചോദിച്ചു, എന്ത് വിലയുണ്ട് ആ വാഹനത്തിനെന്ന്. ഒരു കോടിയോളം ഇന്ത്യൻ രൂപ വരുമെന്നായിരുന്നു മറുപടി. സുഹൃത്ത് കൂട്ടിച്ചേർത്തു; അദ്ദേഹത്തിന്റെ മകനു വേണ്ടി വാങ്ങിയ പുതിയ കാറിന് രണ്ടു കോടിയോളം വിലയുണ്ടെന്ന്!

ഉംറ നിർവഹിക്കാൻ സൗദിയിൽ എത്തിയതാണ്. അവിടെ ജോലിയുള്ള കൂട്ടുകാരനാണ് സൗകര്യങ്ങൾ ചെയ്യുതന്നത്. മുമ്പ് ഒരിക്കൽ കണ്ട അദ്ദേഹത്തിന്റെ ബിസിനസ് സുഹൃത്ത് ഞങ്ങളെ കാണണം എന്ന് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹത്തിന്റെ കൂടെ നഗരക്കാഴ്ചകൾ കണ്ട് സഞ്ചരിക്കുകയാണ്.

അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആ കാർ വലിയ ഒരു ആഡംബരമല്ല. അഞ്ച് സ്ഥാപനങ്ങൾ നടത്തുന്ന, കോടികളുടെ ആസ്തിയും ദശലക്ഷക്കണക്കിന് റിയാൽ വിറ്റുവരവുമുള്ള അദ്ദേഹത്തിന് ഒട്ടും അധികച്ചെലവ് എന്ന് പറഞ്ഞുകൂടാ. ഐഐടി പഠനം പാതിവഴിവച്ച് നിറുത്തി ബിസിനസിൽ പിതാവിനെ സഹായിക്കാൻ ഇറങ്ങി കണക്കുകളുടെയും സാങ്കേതികതകളുടെയും മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുത്ത് നടത്തുന്ന മകനും ആ കാർ വലിയ ചെലവായി തോന്നേണ്ടതില്ല. മാത്രമല്ല ബിസിനസ് ഉന്നതിക്ക് അത്തരം വാഹനങ്ങൾ ആവശ്യവുമത്രെ.

വ്യാപാരി സുഹൃത്ത് നാട്ടിൽ ബസ് ജോലിക്കാരനായിരുന്നു. വീട്ടിൽ ദാരിദ്ര്യം ഉണ്ടെന്നു പറഞ്ഞുകൂടാ. പിന്നീട് അദ്ദേഹം വിദേശത്ത് പോയി. ചില്ലറ ജോലികളായി കഴിഞ്ഞു. ചെലവിന് വീട്ടിലേക്ക് പണം അയച്ചുകൊടുക്കേണ്ട അത്യാവശ്യവും ഉണ്ടായിരുന്നില്ല. അങ്ങനെ അദ്ദേഹം വലിയൊരു വാഹന വ്യാപാരിയുടെ ഡ്രൈവറായി. ആ ജോലി കാരണം സമൂഹത്തിലെ ഉന്നതരായ പലരുമായും ബന്ധങ്ങളുണ്ടായി. കൂട്ടുകാരന്റെ കൂടി ഉപദേശം പരിഗണിച്ച് സ്വന്തമായി ബിസിനസ് തുടങ്ങി. അത് വ്യാപിച്ചു. ഒറ്റക്കും കൂട്ടായ്മയിലുമായി വ്യാപാര സ്ഥാപനങ്ങൾ വളർന്നു. മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യു തുടങ്ങി. അങ്ങനെ വ്യാപാരം പച്ചപിടിച്ചു.

നഗരത്തിലെ ഉദ്ഘാടനം ചെയ്യാനിരിക്കുന്ന അദേഹത്തിന്റെ പുതിയ സ്ഥാപനത്തിലും ഗോഡൗണിലും മറ്റും ഞങ്ങൾ കൂടെ പോയി. സൗദിയിലെ വാറ്റ് നിയമവുമായി ബന്ധപ്പെട്ട ചില സന്ദേഹങ്ങൾ ഉന്നയിച്ചുവെങ്കിലും കേരളത്തിൽ ഇങ്ങനെയൊക്കെയായിരുന്നു എന്ന മറുപടി മാത്രമെ എനിക്ക് നൽകാൻ സാധിച്ചുള്ളൂ.

ആ വ്യാപാരി കോടിപതിയുടെ ജാഡയില്ലാത്തവനും വിനയമുള്ളവനുമാണ്. ഉയർന്ന വിദ്യാഭ്യാസമില്ല. അത് തുറന്നു പറയാൻ മടിയുമില്ല. കുറെ പേർക്ക് ജോലി നൽകി അവരുടെ കുടുംബങ്ങളുടെ വിശപ്പകറ്റുന്നു. സമയത്തിന് നമസ്കാരവും മറ്റു ആരാധനകളും നിർവഹിക്കുന്നു. നഗരത്തിലെ പതിവ് രീതിക്ക് വിരുദ്ധമായി നേരത്തെ ഉറങ്ങി നേരത്തെ ഉണരുന്നു. ഇഷ്ടമുള്ള നല്ല ഭക്ഷണം കഴിക്കുന്നു. വാഹനം അദേഹത്തിന് ഏറെ താൽപര്യമുള്ള ഒന്നാണ്. അതിനാൽ നല്ല വാഹനങ്ങൾ വാങ്ങുന്നു. സഞ്ചരിക്കുന്നു. വ്യാപരാഭിവൃദ്ധിക്ക് അത് അനിവാര്യവുമാണ്. കുടുംബത്തിനൊപ്പം വിദേശരാജ്യങ്ങൾ അടക്കം സന്ദർശിക്കുന്നു. ആവശ്യമുള്ളവരെ കൈയയച്ച് സഹായിക്കുന്നു. കൃത്യമായി സകാത്ത് നൽകി സമ്പത്ത് ശുദ്ധീകരിക്കുന്നു. ഇതിനൊക്കെയല്ലാതെ മറ്റെന്തിനാണ് പണം എന്ന അദേഹത്തിന്റെ ചോദ്യം പ്രസക്തം.

പുറംപൂച്ചു കാണിക്കാനായി ആഡംബര വാഹനങ്ങൾ വാങ്ങുന്ന ചിലരുണ്ട്. അത്തരം വാഹനം നിലനിർത്തി കൊണ്ടുപോകാനുള്ള പ്രാപ്തി അവർക്ക് ഉണ്ടാകില്ല. പലപ്പോഴും ബാങ്ക് ലോണും മറ്റുമായിട്ടാണ് ഇത്തരം വാഹനങ്ങൾ വാങ്ങുന്നത് തന്നെ. മറ്റുള്ളവരുടെ മുമ്പിൽ മേനി നടിക്കുക എന്നതിലുപരി മറ്റൊരു കാര്യവും അതുകൊണ്ട് അവർക്കില്ല. കാശടവ് പൂർത്തിയാക്കാനാകാതെ ചിലരുടെയെങ്കിലും വാഹനം കൈവിട്ടു പോകാറുമുണ്ട്.

പണമുണ്ടായിട്ടും സുഖമായി ഉറങ്ങാനും ഇഷ്ട ഭക്ഷണം കഴിക്കാനും നല്ല വാഹനത്തിൽ യാത്ര ചെയ്യാനും ആഗ്രഹിക്കുന്ന ദേശങ്ങളിലേക്ക് സഞ്ചരിക്കാനും ദൈവസ്മരണയിൽ സമാധാനത്തോടെ വസിക്കാനും കഴിയുന്നില്ലെങ്കിൽ പിന്നെന്തിനാണ് ജോലിയും വ്യാപാരവും വരുമാനവും? വ്യാപാരി സുഹൃത്ത് പറഞ്ഞത് എത്ര ശരി!

നമുക്കുചുറ്റും



# സ്ക്രീനല്ല ജീവിതം

**നബീൽ പയ്യോളി**
: +966 55 771 0981

സോഷ്യൽ മീഡിയയിൽ ശ്രദ്ധനേടാൻ പ്രായഭേദമന്യെ ആണും പെണ്ണും മത്സരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. 'സോഷ്യൽ മീഡിയ ഇൻഫ്‌ളുവെൻസർ' അല്ലെങ്കിൽ 'വ്‌ളോഗർ' ആയി നടക്കുന്നവർ സമൂഹത്തിലെ ഏറ്റവും സന്തോഷവാന്മാരാണെന്ന് തെറ്റിദ്ധരിക്കുന്നവരാണ് പലരും. സെലിബ്രിറ്റികളെ റോൾ മോഡലായി കാണാനും അവരെപ്പോലെയാകാനും ആഗ്രഹിക്കുന്നവരാണ് പുതുതലമുറയിലെ വലിയൊരു വിഭാഗം. ഉണരുന്നതു മുതൽ ഉറങ്ങുന്നതുവരെയുള്ള ജീവിതത്തിലെ ഒട്ടുമിക്ക കാര്യങ്ങളും സ്വകാര്യതകളുടെ അതിർവരമ്പുകൾ ഇല്ലാതാക്കി സ്ക്രീനിൽ പ്രദർശിപ്പിക്കുന്നവരാണ് അവരിൽ പലരും.

അതെല്ലാം സത്യസന്ധമാണ്, അവരെല്ലാം എത്രയോ സന്തോഷവാന്മാരാണ് എന്നൊക്കെ നിഷ്‌കളങ്കരായവൻ തെറ്റിദ്ധരിക്കുന്നുണ്ടാവാം. എന്നാൽ അതെല്ലാം കേവലം ലൈക്കിനും ഷെയറിനും അതിലൂടെ ലഭിക്കുന്ന പണത്തിനും വേണ്ടിയുള്ള അഭിനയങ്ങൾ മാത്രമാണെന്ന് തിരിച്ചറിയാതെപോകരുത്. സിനിമകളിലും സീരിയലുകളിലും സാമൂഹ്യ മാധ്യമങ്ങളിലും ആടിയും പാടിയും അഭിനയിച്ചും ജീവിക്കുന്നവരിൽ പലരും യാഥാർഥ ജീവിതത്തിൽ അങ്ങനെയല്ലെന്ന്, അവർ ഒരുമുഴം കയറിലോ ഒരുതുള്ളി വിഷത്തിലോ ജീവിതം അവസാനിപ്പിക്കുമ്പോഴോ മാത്രമാണ് മറ്റുള്ളവർ അറിയുന്നത്.

സന്തോഷം മാത്രമുള്ള ജീവിതം നയിക്കുന്നവരുണ്ട് എന്നു കരുതുന്നത് മൗഢ്യമാണ്. ദുഃഖഭാരം പേറാത്ത ഒരാളും ലോകത്തില്ല, ഇനി ഉണ്ടാവുകയുമില്ല. സുഖദുഃഖ സമ്മിശ്രമാണ് ജീവിതം. അതിൽനിന്ന് പാവപ്പെട്ടവനും പണക്കാരനും സാധാരണക്കാരനും ഭരണാധികാരിയുമൊന്നും ഒഴിവല്ല. തങ്ങളുടെ ദുഃഖങ്ങൾ മറ്റുള്ളവർ അറിയരുതെന്ന് ആഗ്രഹിക്കുന്നവരാണ് ബഹുഭൂരിപക്ഷവും എന്നു മാത്രം. അഭിനയമല്ല ജീവിതയാഥാർഥ്യം എന്നും ജീവിതത്തിന്റെ കയ്പ്പും മധുരവും നുകരൽ അനിവാര്യമാണെന്നും മറന്നുകൂടാ. മാരക രോഗങ്ങൾ, സാമ്പത്തിക പ്രയാസങ്ങൾ, അപകടങ്ങൾ, മാനസിക പ്രശ്‌നങ്ങൾ തുടങ്ങി പലവിധ പരീക്ഷണങ്ങൾക്ക് വിധേയമായവരെ കാണാനും അറിയാനും സാധിച്ചാൽ നമുക്ക് അല്ലാഹു നൽകിയ അനേകായിരം അനുഗ്രഹങ്ങളുടെ മധുരം ആസ്വദിക്കാനും അവന് നന്ദി ചെയ്യാനും സാധ്യമാവും. സന്തോഷം മാത്രമാണ് ജീവിതമെന്ന് തെറ്റിദ്ധരിപ്പിക്കുംവിധം സ്ക്രീനിൽ ആടിത്തിമിർക്കുന്ന അഭിനേതാക്കളെ കണ്ട് ജീവിതത്തെ വിലയിരുത്തിയാൽ നിരാശ മാത്രമായിരിക്കും ഫലം.

ജീവിതമെന്നത് അവകാശങ്ങളും ബാധ്യതകളും ചേർന്ന ഒരു യാത്രയാണ്. സ്വന്തമായി നിലനിൽപ് അസാധ്യം. മറ്റുള്ളവരെ ആശ്രയിക്കാതെ ആർക്കാണിവിടെ ജീവിക്കാൻ കഴിയുക? പുതിയ തലമുറ പലപ്പോഴും അവകാശങ്ങളെയും സന്തോഷങ്ങളെയും കുറിച്ച് മാത്രമാണ് ചിന്തിക്കുന്നതും സംസാരിക്കുന്നതും. ബാധ്യതകളെയും അതിജീവിക്കേണ്ട പ്രയാസങ്ങളെയും കുറിച്ച് ചിന്തിക്കാൻ കഴിയാത്തതുകൊണ്ടാവാം പലരും പ്രതിസന്ധികളിൽ വല്ലാതെ തകർന്നുപോകുന്നത്, വലിയ ദുരന്തങ്ങളിലേക്ക് എടുത്തെറിയപ്പെടുന്നത്.

നമ്മൾ ജനിക്കുന്നതിന് മുമ്പും ലോകമുണ്ട്. നമ്മുടെ മരണത്തിനു ശേഷവും ലോകം നിലനിൽക്കും. അതിന്റെ പ്രയാണം നാമില്ലെങ്കിലും തുടരുകതന്നെ ചെയ്യും. ഈ ലോകത്തേക്ക് വന്നപ്പോൾ സൗജന്യമായി ലഭിച്ച ഒരായിരം അനുഗ്രഹങ്ങൾ അനുഭവിക്കാൻ ഭാഗ്യം ലഭിച്ചവരല്ലേ നാം? അതുമാത്രം മതിയല്ലോ സ്രഷ്ടാവിനെ തിരിച്ചറിയാനും അവന്റെ വഴിയിൽ സഞ്ചരിക്കാനും.

ഇഹപര ജീവിതത്തെക്കുറിച്ച് അടിസ്ഥാനപരമായ കാഴ്ചപ്പാടുകൾ പോലും ഇല്ലാത്തവരുടെ ജീവിതത്തെയല്ല നാം മാതൃകയാക്കേണ്ടത്; ലോകർക്ക് മാതൃകയാകുംവിധം ജീവിതത്തെ വരച്ചുകാണിച്ച, ജീവിച്ചുകാണിച്ച മുഹമ്മദ് നബി (സ)യെയാണ്. ജീവിച്ചുകാണിക്കുക മാത്രമല്ല നബി(സ) ചെയ്തത്; തന്റെ ജീവിതത്തെ അതുപോലെ പിന്തുടരുന്ന അനുയായി സമൂഹത്തെ ലോകത്തിന് സമ്മാനിക്കുക കൂടി ചെയ്തു. പ്രായോഗിക ജീവിതത്തിന്റെ ആ പാഠപുസ്തകത്തെയും ആ അനുയായിവൃന്ദത്തെയുമാണ് നാം മാതൃകയാക്കേണ്ടത്.




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
25 November 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

## പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും ഓൺലൈനിൽ ലഭ്യമായ മലയാളത്തിലെ ഏക പ്രസിദ്ധീകരണം

ഇപ്പോൾ
Unicode,
PDF,
Flipbook,
Kindle &
Audio
വേർഷനുകൾ ലഭ്യം

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ:
₹624

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

|| പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം
|| നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## പ്രചാരണ മാസം
## 2023 നവം: 10 - ഡിസം: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | Wisdom islamic organization
CV Complex | PV Swami Road | Chalappuram PO | Kozhikode | 673002 | Kerala | India
Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**